# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# ഇടവ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2024-2025**


**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**തിരുവനന്തപുരം.-695001**

**ഇ-മെയിൽ: lfadtvm@yahoo.in**
**ഫോൺ : 0471-2331231**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/റ്റി.വി.എം/ജിപി.8/1313/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 23/09/2025
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഇടവ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ഇടവ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇടവ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/റ്റി.വി.എം/ജിപി.8/1313/2025 തീയ്യതി: 23/09/2025

# തിരുവനന്തപുരം ജില്ലയിലെ ഇടവ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ ഇടവ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 50 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 49 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| പ്രതാപ്കുമാർ ആർ | ഡെപ്യൂട്ടി ഡയറക്ടർ | 20-06-2025 | 26-06-2025 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 20-06-2025 | 26-06-2025 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സാബു.ജി.,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീമതി ലേഖ.എം.എൽ.,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.സുജേഷ്.എസ്.,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ജിജോ.ജെ.നായർ, ഓഡിറ്റർ
ശ്രീ.ഹരികൃഷ്ണൻ.ആർ.,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.എ.ബാലിക് | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീ.അനിൽകുമാർ.ആർ. | സെക്രട്ടറി | 01-04-2024 | 31-05-2024 |
| ശ്രീമതി അമ്പിളി.എസ്. | സെക്രട്ടറി | 01-06-2024 | 01-06-2024 |
| ശ്രീ.ഷിജു.വി. | സെക്രട്ടറി | 02-06-2024 | 07-07-2024 |
| ശ്രീമതി അമ്പിളി.എസ്. | സെക്രട്ടറി | 08-07-2024 | 19-08-2024 |
| ശ്രീ.ഷിജു.വി. | സെക്രട്ടറി | 20-08-2024 | 03-09-2024 |
| ശ്രീ.ഗിരീഷ് ലാൽ.എൻ.സി. | സെക്രട്ടറി | 04-09-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.അനശ്വര.ആർ | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീമതി സ്മിത വിൽസൺ | വെറ്ററിനറി സർജൻ | 01-04-2024 | 31-03-2025 |
| ഡോ. കാവേരി വർമ്മ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. | 01-04-2024 | 31-03-2025 |
| ഡോ.ഷീജ രാജൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2024 | 31-03-2025 |
| ഡോ.രശ്മി.ആർ.ജെ. | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2024 | 31-03-2025 |
| ശ്രീമതി ഷൈല ബീവി | ഫിഷറീസ് ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീ.വിഷ്ണു വിജയൻ | വി.ഇ.ഒ.സർക്കിൾ-1 | 01-04-2024 | 20-08-2024 |
| ശ്രീമതി സുജ.ബി. | വി.ഇ.ഒ.സർക്കിൾ-1 | 21-08-2024 | 03-12-2024 |
| ശ്രീ.വിഷ്ണു വിജയൻ | വി.ഇ.ഒ.സർക്കിൾ-1 | 04-12-2024 | 31-03-2025 |
| ശ്രീമതി അനീസാ റാണി.എ. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2024 | 02-07-2024 |
| ശ്രീമതി ജ്യോതി ജയറാം | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 03-07-2024 | 04-08-2024 |
| ശ്രീമതി ഷൈലജ.എസ്. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 05-08-2024 | 31-03-2025 |
| ശ്രീമതി രേഖ.ആർ.എസ്. | ഹെഡ്മിസ്ട്രസ് | 13-06-2024 | 31-03-2025 |
| ശ്രീമതി സിനി.ആർ.എസ്. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 31-03-2025 |
| ശ്രീ.വിനോദ്.ആർ.എസ്. | ഡയറി ഫാം ഇൻട്രക്ടർ | 01-04-2024 | 24-02-2025 |
| ശ്രീമതി അമൃത.എസ്. | ഡയറി ഫാം ഇൻട്രക്ടർ | 25-02-2025 | 31-03-2025 |
| ശ്രീമതി.അമ്പിളി.എസ്.ആനന്ദ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 11-06-2024 |
| ശ്രീമതി മിനിമോൾ.എം. | അസിസ്റ്റന്റ് സെക്രട്ടറി | 12-06-2024 | 07-07-2024 |
| ശ്രീമതി.അമ്പിളി.എസ്.ആനന്ദ് | അസിസ്റ്റന്റ് സെക്രട്ടറി | 08-07-2024 | 19-08-2024 |
| ശ്രീ.ഷിജു.വി. | അസിസ്റ്റന്റ് സെക്രട്ടറി | 20-08-2024 | 19-09-2024 |
| ശ്രീമതി ജയശ്രീ.എം. | അസിസ്റ്റന്റ് സെക്രട്ടറി | 07-11-2024 | 31-03-2025 |
| സുജ.ബി | വി.ഇ.ഓ സർക്കിൾ 2 | 01-04-2024 | 31-03-2025 |

01.04.2024 മുതൽ 12.06.2024 വരെ ഹെഡ്മാസ്റ്റർ തസ്തിക Vacant ആയിരുന്നു. 20.09.2024 മുതൽ

06.11.2024 വരെ അസിസ്റ്റന്റ് സെക്രട്ടറി തസ്തിക Vacant ആയിരുന്നു.

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക അനുപാതങ്ങൾ, അക്കൗണ്ട്സിന്മേലുള്ള കുറിപ്പുകൾ എന്നിവ വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല. | 1-1-1 |
| 3 | വാർഷിക കണക്കുകളുടെ ഷെഡ്യൂളുകൾ സമർപ്പിച്ചിട്ടില്ല | 1-1-2 |
| 4 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല. | 1-1-3 |
| 5 | സ്റ്റോക്കുകളുടെ മൂല്യനിർണ്ണയം നടത്തി വാർഷികധനകാര്യ പത്രികയിൽ ഉൾപ്പെടുത്തുന്നില്ല | 1-1-4 |
| 6 | വിവിധ ചെലവുകൾക്ക് ബാലൻസ് ഷീറ്റിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല | 1-1-5 |
| 7 | രസീത് തെറ്റായ ശീർഷകത്തിൽ നൽകി | 1-1-6 |
| 8 | ലോൺ രജിസ്റ്റർ പരിപാലിക്കുന്നില്ല | 1-1-7 |
| 9 | വിവിധ അഡ്വാൻസ് ശീർഷകങ്ങളിലെ മുന്നിരിപ്പ് തുകകളുടെ വിവരം ലഭ്യമല്ല | 1-1-8 |
| 10 | Cheque Deposited But Not Cleared ഇനത്തിൽ 11,330/- രൂപ അവശേഷിക്കുന്നു - തുക നാളിതുവരെ അക്കൗണ്ടിൽ ക്രെഡിറ്റ് ആയിട്ടില്ല | 1-1-9 |
| 11 | CFC ഗ്രാന്റ് തുക പ്രസ്തുത ബാങ്ക് അക്കൗണ്ടിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല | 1-1-10 |
| 12 | വാർഷിക ധനകാര്യപത്രികയിലെ മറ്റ് അപാകങ്ങൾ | 1-1-11 |
| 13 | ബജറ്റ് | 1-2 |
| 14 | സാമ്പത്തിക വിശകലനം | 1-3 |
| 15 | ഗ്രാന്റ് വിനിയോഗം - അപാകങ്ങൾ | 1-4-1 |
| 16 | ഗ്രാന്റ് വിനിയോഗം | 1-4 |
| 17 | പദ്ധതി അവലോകനം | 1-5 |
| 18 | ക്ഷേമ പദ്ധതികളുടെ വിവരം | 1-6 |
| 19 | ക്യാഷ് വെരിഫിക്കേഷൻ | 1-7 |
| 20 | തൊഴിലുറപ്പ് പദ്ധതി | 1-8 |
| 21 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 22 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 23 | സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കുന്നില്ല | 1-11 |
| 24 | വസ്തു നികുതി ഒഴിവാക്കിയതിൽ അപാകത | 1-12 |
| 25 | 300 ച.മീ.ൽ കൂടുതൽ വിസ്തീർണമുള്ളതായ കെട്ടിടത്തെ 300 ച.മീ. വരെയുള്ള കെട്ടിടങ്ങളുടെ ഗണത്തിൽ ഉൾപ്പെടുത്തി | 1-13 |
| 26 | ഡെമോളിഷ് ചെയ്ത കെട്ടിടങ്ങൾക്ക് ഡിമാന്റില്ലാതെയാണ് കളക്ഷൻ രേഖപ്പെടുത്തുന്നത്. | 1-14 |
| 27 | മൊബൈൽ ടവറുകളിൽ നിന്നും വസ്തു നികുതി കുടിശ്ശിക - നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-15 |
| 28 | തൊഴിൽ നികുതി പരിഷ്കരിച്ച നിരക്കിൽ ഈടാക്കിയിട്ടില്ല | 1-16 |
| 29 | ലൈഫ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ്-അപേക്ഷ നിശ്ചിത മാതൃകയിൽ സമർപ്പിക്കുന്നില്ല | 1-17 |
| 30 | യന്ത്രങ്ങളുടെ കുതിരശക്തിയുടെ അടിസ്ഥാനത്തിലുള്ള ലൈസൻസ് | 1-18 |

| | | |
|---|---|---|
| | ഫീസ് ഈടാക്കുന്നില്ല | |
| 31 | ഇ-ടെണ്ടർ ഫീ തുക സെക്രട്ടറിയുടെ അക്കൗണ്ടിലേയ്ക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-19 |
| 32 | തെരുവ് വിളക്ക് പുനരുദ്ധാരണം- തുക നൽകൽ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല | 1-20 |
| 33 | പൊതുടാപ്പുകളുടെ വെള്ളക്കരം അടവാക്കൽ- തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-21 |
| 34 | IKM ന് വിഹിതം നൽകൽ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല- 1,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-22 |
| 35 | കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ മോണിട്ടറിംഗ് നടത്തിയിട്ടില്ല | 1-23 |
| 36 | അങ്കണവാടിക്ക് ആവശ്യമായ പാത്രങ്ങൾ വാങ്ങൽ - അപാകങ്ങൾ | 1-24 |
| 37 | ലൈഫ് ഭവന പദ്ധതി - ഗുണഭോക്താക്കൾ പണി പൂർത്തീകരിച്ചിട്ടില്ല | 1-25 |
| 38 | അങ്കണവാടി ഭൗതിക സാഹചര്യം - അവലോകനം | 1-26 |
| 39 | കുട്ടികളുടെ പാർക്ക് നവീകരണം - പ്രവൃത്തി പൂർത്തിയായില്ല - 60,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-27 |
| 40 | സ്കൂൾ വാതിലുകളുടെയും ജനലുകളുടെയും ഫിറ്റിംഗുകളുടെയും അറ്റകുറ്റപ്പണി - 20,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-28 |
| 41 | ഹോംകോയിൽ നിന്നും മരുന്നുകൾ ലഭ്യമായില്ല - 1,38,190/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-29 |
| 42 | പാഥേയം വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല - 1,74,840/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-30 |
| 43 | കുടുംബശ്രീ സംരംഭങ്ങൾക്ക് സബ്സിഡി നൽകൽ - സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിച്ചിട്ടില്ല | 1-31 |
| 44 | കാർഷിക കർമ്മസേനയ്ക്ക് റിവോൾവിംഗ് ഫണ്ട് - തിരിച്ചടവ് വിവരം ഉറപ്പ് വരുത്തേണ്ടതാണ് | 1-32 |
| 45 | കരാർ ചമയ്ക്കാൻ കാലതാമസം വരുത്തിയ കരാറുകാരനിൽ നിന്നും പിഴ - 34,719/- രൂപ ഈടാക്കിയില്ല | 1-33 |
| 46 | ഇൻഷുറൻസ് പോളിസി സമർപ്പിക്കാത്ത കരാറുകാരിൽ നിന്ന് പിഴ – 6,433/- രൂപ ഈടാക്കിയില്ല | 1-34 |
| 47 | ജനറൽ കമ്മിറ്റി മിനിട്സ് - യോഗ നടപടിക്രമങ്ങൾ യഥാസമയം പൂർത്തീകരിക്കുന്നില്ല | 1-35 |
| 48 | ജനറൽ കമ്മിറ്റി തീരുമാനങ്ങൾ - അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-36 |
| 49 | ദുരിതാശ്വാസ നിധി - നിഷ്ക്രിയമായി തുടരുന്നു | 1-37 |
| 50 | ഹെൽത്ത് ഗ്രാന്റ് അവലോകനം | 1-38 |
| 51 | ജല ജീവൻ മിഷൻ- വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. | 1-39 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | മെഡിസെപ് പ്രീമിയം - ഒടുക്ക് സംബന്ധിച്ച പരിശോധന | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കുള്ള ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |

| | | |
|---|---|---|
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങളുടെ വിവരം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി വിവരങ്ങൾ | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1.ഇടവ ഗ്രാമപഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 30.05.2025 തീയതിയിലെ 2/1 നം. തീരുമാന പ്രകാരം അംഗീകരിച്ച് 31.05.2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാനവൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/ സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോട് കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ഇടവ ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2025 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 വാർഷിക അനുപാതങ്ങൾ, അക്കൗണ്ട്സിന്മേലുള്ള കുറിപ്പുകൾ എന്നിവ വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ , ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിന്മേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല. സോഫ്റ്റ് വെയറിലെ അപാകം മൂലമാണ് പ്രസ്തുത അപാകം ഉണ്ടായതെന്നും തുടർവർഷങ്ങളിൽ പത്രികകളെല്ലാം ഉൾപ്പെടുത്തി വാർഷിക ധനകാര്യപത്രിക സമർപ്പിക്കുന്നതാണെന്നും ഓഡിറ്റ് അന്വേഷണം നം. 19 ന് മറുപടി ലഭ്യമാക്കി.

### 1-1-2 വാർഷിക കണക്കുകളുടെ ഷെഡ്യൂളുകൾ സമർപ്പിച്ചിട്ടില്ല

തൻവർഷത്തെ വരവ് ചെലവ് കണക്കുകൾ ക്രമീകരിച്ച ബി-1 ഷെഡ്യൂൾ വാർഷിക കണക്കുകൾക്കൊപ്പം സമർപ്പിച്ചിട്ടില്ല. ഐ.എൽ.ജി.എം.എസ്. സോഫ്റ്റ് വെയറിൽ ആയതിനുള്ള

സംവിധാനം ലഭ്യമല്ലാത്തതിനാലാണ് പ്രസ്തുത ഷെഡ്യൂൾ സമർപ്പിക്കാത്തതെന്ന് ഓഡിറ്റ് അന്വേഷണം നം. 19 ന് മറുപടി ലഭ്യമാക്കി. അപാകം പരിഹരിക്കുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-1-3 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ ഓരോ ഇനങ്ങളുടെയും പ്രതിമാസ ഡിമാന്റ്, ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ വസ്തു നികുതി, തൊഴിൽ നികുതി എന്നിവ പ്രതിമാസം ഡിമാന്റ് ചെയ്യിട്ടില്ല. 2024-25 വർഷാവസാനം മാത്രമാണ് എൻട്രി രേഖപ്പെടുത്തിയിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഹെഡ് കോഡ് | ഇനം | ഡിമാന്റ് രേഖപ്പെടുത്തിയ വൗച്ചർ നമ്പർ / തീയതി |
|---|---|---|
| 110100101 | Property Tax On Residential Buildings(Current) | 42401634,42401635/31.03.2025 |
| 110100102 | Property Tax On Non Residential Buildings(Current) | 42401639,42401644/31.03.2025 |
| 110200105 | Profession Tax - Traders (Current) | 42401682/31.03.2025 |

സഞ്ചയ സോഫ്റ്റ് വെയറിലെ അപാകങ്ങൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് വരവുകളുടെ ഡിമാന്റുകൾ നിയമാനുസൃതമായി ഉൾപ്പെടുത്തുന്നതാണെന്ന് ഓഡിറ്റ് അന്വേഷണം നം. 19 ന് മറുപടി ലഭ്യമാക്കി. അപാകം പരിഹരിക്കുന്നതിനായി തുടർനടപടി സ്വീകരിക്കേണ്ടതാണ്.

## 1-1-4 സ്റ്റോക്കുകളുടെ മൂല്യനിർണ്ണയം നടത്തി വാർഷികധനകാര്യ പത്രികയിൽ ഉൾപ്പെടുത്തുന്നില്ല

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 58 (4) (എ) പ്രകാരം സ്റ്റോക്കിന്റെ ഭൗതിക പരിശോധനയും പൊരുത്തപ്പെടുത്തലും ഓരോ വർഷാന്ത്യത്തിലും നടത്തണമെന്നുണ്ട്. 2021-22 സാമ്പത്തിക വർഷം അവസാനം സ്റ്റോക്ക് മൂല്യനിർണ്ണയം നടത്തി വാർഷിക ധനകാര്യ പത്രിക B-14 Stock In Hand (Inventories) -ൽ ഉൾപ്പെടുത്തിയിട്ടുള്ള തുക (1272415/-) തന്നെയാണ് 2024-25 സാമ്പത്തിക വർഷാവസാനത്തിലും രേഖപ്പെടുത്തിയിട്ടുള്ളത്. സ്റ്റോക്ക് മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തുന്നതിനുള്ള സംവിധാനം നിലവിൽ ഐ.എൽ.ജി.എം.എസ്. സോഫ്റ്റ് വെയറിൽ ഇല്ലാത്തതിനാലാണ് ഇപ്രകാരം അപാകം സംഭവിച്ചതെന്ന് ഓഡിറ്റ് അന്വേഷണം നം. 19 ന് മറുപടി ലഭ്യമാക്കി. അപാകം പരിഹരിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-1-5 വിവിധ ചെലവുകൾക്ക് ബാലൻസ് ഷീറ്റിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 28 പ്രകാരം ഓരോ വർഷാവസാനത്തിലും ചെലവ് ചെയ്ത് പണം നൽകാതിരിക്കുന്നവയ്ക്ക് വേണ്ടി പഞ്ചായത്ത് പ്രൊവിഷൻ വയ്ക്കേണ്ടതും വാർഷിക ധനകാര്യപത്രിക തയ്യാറാക്കുന്ന തീയതിക്ക് 30 ദിവസം മുൻപുള്ള തീയതി കട്ടോഫ് തീയതിയായി കണക്കാക്കി വേണം ബില്ലുകൾക്ക് പ്രൊവിഷൻ വകയിരുത്തേണ്ടത്. എന്നാൽ 2024-25 സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്കൊന്നിനും (ഉദാഹരണമായി ജനപ്രതിനിധികളുടെ ഓണറേറിയം, ഇന്ധനചെലവ്) ബാലൻസ് ഷീറ്റിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. മേൽസൂചിപ്പിച്ച ചെലവുകൾക്കെല്ലാം അതത് മാസത്തിൽ തന്നെ ഉപയോഗം ഉണ്ടായതിനാൽ ബിൽ അടുത്ത സാമ്പത്തിക വർഷത്തിൽ വന്നാലും ആയതിന്റെ ചെലവ് 2024-25 സാമ്പത്തിക വർഷത്തിലെ ബാലൻസ് ഷീറ്റിലെ ലയബിലിറ്റി ശീർഷകത്തിൽ പ്രതിഫലിക്കേണ്ടതാണ്.

## 1-1-6 രസീത് തെറ്റായ ശീർഷകത്തിൽ നൽകി

RP-4 ഷെഡ്യൂളിൽ 140400199 - Other Fees ഹെഡിന്റെ ലെഡ്ജർ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ ചില വരവുകൾ തെറ്റായി പ്രസ്തുത ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതായി കാണുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | രസീത് നം./തീയതി | തുക | ഉൾപ്പെടുത്തേണ്ടിയിരുന്ന വരവ് ഹെഡ്/ഇനം |
|---|---|---|---|
| 1 | 1240603033/03-01-2025 | 7296 | 140120105 - Fee For Regularisation |

പ്രസ്തുത തുക തെറ്റായ ശീർഷകത്തിൽ ഉൾപ്പെട്ടത് ക്ലറിക്കൽ പിഴവാണെന്നും മേൽ അപാകം പരിഹരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി (ഓഡിറ്റ് അന്വേഷണം നം. 19). അപാകം പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-1-7 ലോൺ രജിസ്റ്റർ പരിപാലിക്കുന്നില്ല

ഗ്രാമപഞ്ചായത്തിൽ ലോൺ രജിസ്റ്റർ പരിപാലിക്കുന്നില്ല. 2025-26 സാമ്പത്തിക വർഷം മുതൽ ലോൺ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണം നം. 47 ന് മറുപടി ലഭ്യമാക്കി. അടുത്ത ഓഡിറ്റ് വേളയിൽ പ്രസ്തുത രജിസ്റ്റർ പരിശോധിക്കുന്നതാണ്.

## 1-1-8 വിവിധ അഡ്വാൻസ് ശീർഷകങ്ങളിലെ മുന്നിരിപ്പ് തുകകളുടെ വിവരം ലഭ്യമല്ല

B18 ശീർഷകത്തിലെ ഡെപ്പോസിറ്റ് വർക്കുകളുടെ ലെഡ്ജർ പരിശോധിച്ചതിൽ നിന്നും ചുവടെ നൽകിയിരിക്കുന്ന തുകകൾ ശീർഷകത്തിൽ അവശേഷിക്കുന്നു.

| ഹെഡ്കോഡ്/ഇനം | വൗച്ചർ നം./ തീയതി | തുക (രൂ.) | മറുപടി |
|---|---|---|---|
| 460500201-Advance To Implementing Agencies - Deposit With Kerala Water Authority | 41900002, 31-03-2022 | 1870000 | 2021-22 സാമ്പത്തിക വർഷം പ്രോജക്ട് നം. 173 പ്രകാരം പബ്ലിക് ഡ്രിംഗിങ്ങ് വാട്ടർ പ്രോഗ്രാമിനായി നൽകിയ തുകയാണ്. വിനിയോഗ സാക്ഷ്യപത്രം നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. |
| | 42201305, 31-03-2023 | 818193 | 2022-23 സാമ്പത്തിക വർഷത്തിൽ പ്രോ. നം. 207 പ്രകാരം സ്ട്രീറ്റ് ലൈറ്റ് ഡിസ്മാന്റിലിംഗ് ചാർജ്ജ് ഇനത്തിൽ നൽകിയ തുകയാണ്. |
| **460500202-Advance To Implementing Agencies - Deposit With Kerala State Electricity Board** | 41900002, 31-03-2022 | 159642 | 2021-22 സാമ്പത്തിക വർഷത്തിൽ പ്രോ. നം. 8 പ്രകാരം ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗിന് നൽകിയ തുകയാണ് |
| | 42201307, 31.03.2023 | 116178 | 2022-23 സാമ്പത്തിക വർഷം പ്രോ. നം. 165 പ്രകാരം ലൈൻ എക്സ്റ്റൻഷന് നൽകിയ തുകയാണ്. |

പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കേണ്ടതാണ്. പദ്ധതികൾ നിർവഹണം നടത്തി പൂർത്തിയാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്(ഓഡിറ്റ് അന്വേഷണം നം. 47).

## 1-1-9 Cheque Deposited But Not Cleared ഇനത്തിൽ 11,330/- രൂപ അവശേഷിക്കുന്നു - തുക നാളിതുവരെ അക്കൗണ്ടിൽ ക്രെഡിറ്റ് ആയിട്ടില്ല

SBI നം. 67291398816 അക്കൌണ്ടിന്റെ 31.03.25 ലെ ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം Cheque Deposited But Not Cleared ഇനത്തിൽ 11,330/- രൂപ അവശേഷിക്കുന്നു. വിശദാംശം ചുവടെ.

| ബാങ്ക്, അക്കൗണ്ട് നം. | ചെക്ക് നമ്പർ, തീയതി | തുക |
|---|---|---|
| സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ 67291398816 | 571112, 12-09-2023 | 11330 |

പ്രസ്തുത തുക കത്തോലിക് സിറിയൻ ബാങ്കിന്റെ പ്രൊഫഷണൽ ടാക്സ് ഇനത്തിൽ ലഭ്യമായ തുകയാണെന്നും 2025-26 സാമ്പത്തിക വർഷം തന്നെ നടപടി സ്വീകരിക്കുന്നതാണെന്നും ഓഡിറ്റ് അന്വേഷണം നം. 30ന് മറുപടി ലഭ്യമാക്കി. ആവശ്യമായ ക്രമീകരണ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-1-10 CFC ഗ്രാന്റ് തുക പ്രസ്തുത ബാങ്ക് അക്കൗണ്ടിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ബി 4, ബി 17 ശീർഷകങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്ന CFC ഗ്രാന്റിന്റെ തുകകൾ പ്രസ്തുത ബാങ്ക് അക്കൗണ്ടിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ.

| ഇനം | ബി4 പ്രകാരമുള്ള തുക | ബി17 പ്രകാരമുള്ള തുക |
|---|---|---|
| CFC Grant | 28161351 | 28123888 (IOB-055001000023386) |

വ്യത്യാസം സംബന്ധിച്ച് മുൻവർഷങ്ങളിലെ ഫയൽ പരിശോധിച്ച് ഈ സാമ്പത്തിക വർഷം തന്നെ

നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണം നം. 30 ന് മറുപടി ലഭ്യമാക്കി. വ്യത്യാസത്തിന്റെ കാരണം കണ്ടെത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-1-11 വാർഷിക ധനകാര്യപത്രികയിലെ മറ്റ് അപാകങ്ങൾ

1) 2023-24 B-7 ഷെഡ്യൂളിൽ ഉണ്ടായിരുന്ന ചുവടെ ചേർക്കുന്ന ഡെപ്പോസിറ്റുകൾ 2024-25 വർഷവും ക്രമീകരിച്ചിട്ടില്ല.

| ഹെഡ് കോഡ് | ഇനം | നീക്കിയിരിപ്പ് |
|---|---|---|
| 340100201 | Contractor's EMD | 4000 |
| 340100303 | Election Deposit | 39000 |
| 340800101 | Deposit Received From Others | 5732 |
| 341100101 | Deposit Works-Civil Woe | 1038 |

കേരള ഫിനാൻഷ്യൽ കോഡ് വാള്യം-I ആർട്ടിക്കിൾ 282(1) പ്രകാരം പഞ്ചായത്ത് സ്വീകരിക്കുന്ന ഡെപ്പോസിറ്റുകൾ മൂന്നു വർഷത്തിന്മേൽ ക്ലെയിം ചെയ്യാതെയും തിരിച്ചു വാങ്ങാതെയും ഉണ്ടായാൽ അവ കാലഹരണപ്പെട്ടതായി കണക്കാക്കി പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാവുന്നതാണ്. മേൽപ്പറഞ്ഞ ഷെഡ്യൂളുകളിലെ തുകകൾ മുതൽക്കൂട്ടാവുന്നതാണോ എന്ന ഓഡിറ്റ് അന്വേഷണത്തിന്(നം. 19) ഇലക്ഷൻ ഡിപ്പോസിറ്റ് 2021-22 സാമ്പത്തിക വർഷം മുതലുള്ള തുകയാണെന്നും പ്രസ്തുത തുക കമ്മിറ്റി തീരുമാനത്തോടെ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടാവുന്നതാണെന്നും ബാക്കി തുകകൾ വരവായി വന്നത് 2022-23 സാമ്പത്തിക വർഷത്തിലാണെന്നും മറുപടി ലഭ്യമാക്കി. ഇലക്ഷൻ ഡിപ്പോസിറ്റ് ഇനത്തിലെ തുക മുതൽക്കൂട്ടാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

2) ബാധ്യതാ ഹെഡിലെ തുകകൾ അതത് ഫണ്ടിലേക്ക് അടവാക്കുന്നില്ല

2023-24 വർഷത്തെ ബി 9 ഷെഡ്യൂളിൽ ബാധ്യതയായി നിലനിർത്തിയിരുന്ന ചുവടെ ചേർക്കുന്ന തുകകൾ 2024-25 ലും ബന്ധപ്പെട്ട ഹെഡ്ഡുകളിലേയ്ക്ക് തിരികെ ഒടുക്കിയതായി കാണുന്നില്ല..

| ക്രമ നം. | കോഡ് | ഇനം | 2024-25 ധനകാര്യപത്രിക പ്രകാരമുള്ള തുക |
|---|---|---|---|
| 1 | 350200110 | Recoveries Payable-KSFE | 14000 |
| 2 | 350300103 | Government And Other Dues Payable-VAT | 1170 |
| 3 | 350300111 | Government And Other Dues Payable-Flood Cess | 1768 |

ഈ സാമ്പത്തിക വർഷത്തിൽ മേൽ തുകകൾ തിരികെ ഒടുക്കുവരുത്തി ആവശ്യമായ ജേണൽ എൻട്രി വരുത്തി അപാകം പരിഹരിക്കാവുന്നതാണെന്ന് ഓഡിറ്റ് അന്വേഷണം നം. 19 ന് മറുപടി ലഭ്യമാക്കി.

3) വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവഹണോദ്യോഗസ്ഥനായ "ലൈഫ് ഗുണഭോക്താക്കൾക്ക് ടോയ്‌ലറ്റ് (141/25)" എന്ന പദ്ധതിയുടെ ചെലവ് തുക 1,80,000/- രൂപയാണ്. എന്നാൽ സുലേഖ പത്രിക പ്രകാരം 36,000/- രൂപ മാത്രമാണ് ചെലവ് രേഖപ്പെടുത്തിയിരിക്കുന്നത്. ബാലൻസ് ചെലവ് തുകയായ 1,44,000/- രൂപ "92/25- വ്യക്തിഗത ഗാർഹിക ടോയ്‌ലറ്റ് നിർമ്മാണം " എന്ന പദ്ധതിയിൽ സുലേഖ പ്രകാരം തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു. ഗ്രാമപഞ്ചായത്തിൽ നിന്നും സുലേഖയിൽ ചെലവ് രേഖപ്പെടുത്തിയതിലെ അപാകമാണെന്ന് മറുപടി ലഭ്യമാക്കി(ഓഡിറ്റ് അന്വേഷണം നം. 47) തുടർവർഷങ്ങളിൽ അപാകം ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 ബജറ്റ്

ഗ്രാമ പഞ്ചായത്തിന്റെ 2024-25 വർഷത്തെ ബജറ്റ്, പുതുക്കിയ ബജറ്റ് എന്നിവ സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു

| | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| **അംഗീകരിച്ച തീയതി** | 08.02.2024 | 11.02.2025 |
| **ഭരണസമിതി തീരുമാനം** | 1/1 | 2/20 |
| **മുന്നിരിപ്പ്** | രൂ.24064248 | രൂ.24064248 |
| **പ്രതീക്ഷിത വരവ്** | രൂ.296895900 | രൂ.266676969 |
| **ആകെ** | രൂ.320960148 | രൂ.290741217 |

| | | |
|---|---|---|
| പ്രതീക്ഷിത ചെലവ് | രൂ.294547900 | രൂ.277785553 |
| നീക്കിയിരിപ്പ് | രൂ.26412248 | രൂ.12955664 |

**ബജറ്റ് - അപാകങ്ങൾ**

1) 02.12.2016ലെ ജി.ഒ(ആർ.റ്റി)നം. 3291/16/എൽ.എസ്.ജി.ഡി. ഉത്തരവ് പ്രകാരം പാസാക്കിയ, പഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ ഖണ്ഡിക 3.1(ii) പ്രകാരം വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1. പെർഫോമൻസ് ബജറ്റ് (Annexure 10)

2. ജെൻഡർ ബജറ്റ് (Annexure 11)

പ്രസ്തുത രേഖകൾ ബജറ്റ് ഡോക്യുമെന്റായി സൂക്ഷിക്കുന്നില്ല.
വരും സാമ്പത്തിക വർഷം പ്രസ്തുത അപാകം പരിഹരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി (ഓഡിറ്റ് അന്വേഷണം നം. 31). വരും വർഷങ്ങളിൽ പെർഫോർമൻസ് ബജറ്റ്, ജെൻഡർ ബജറ്റ് എന്നിവ തയ്യാറാക്കി ബജറ്റ് ഫയലിനോടൊപ്പം സൂക്ഷിക്കേണ്ടതാണ്.

2) 02.12.2016ലെ ജി.ഒ(ആർ.റ്റി)നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം പഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. പഞ്ചായത്തിന്റെ വരുമാനവും ചെലവും സംബന്ധിച്ച് മാന്വലിൽ വ്യക്തമാക്കിയ പട്ടികകൾ [Table 4-1, Table 4-2] പ്രകാരം വിവരം തയ്യാറാക്കി ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റിന്റെ മാസം തോറുമുള്ള അവലോകനം (Review) നടത്താൻ ബജറ്റ് മാന്വൽ ഖണ്ഡിക 4-3 നിഷ്കർഷിക്കുന്നു. ഇപ്രകാരമുള്ള അവലോകനം എല്ലാ മാസവും 10-ാം തീയതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നിർവ്വഹിക്കേണ്ടതായിട്ടുണ്ട് [ബജറ്റ് മാന്വൽ ഖണ്ഡിക 4-4(iii)]. ഇപ്രകാരം സമയബന്ധിതമായി ബജറ്റിന്റെ മാസംതോറുമുള്ള അവലോകനം നടത്തുന്നില്ല. തുടർ മാസങ്ങളിൽ പ്രസ്തുത അപാകം പരിഹരിച്ച് മേൽ സൂചിപ്പിച്ച രീതിയിൽ അവലോകനം ചെയ്യുന്നതാണെന്ന് ഓഡിറ്റ് അന്വേഷണം നം. 31ന് മറുപടി ലഭ്യമാക്കി. ഫിനാൻസ് മാനേജ്മെന്റ് മാന്വൽ പ്രകാരം അവലോകനം നടത്തേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 4,65,83,405 |
| വരവ് | 6,52,55,083 |
| ആകെ | 11,18,38,488 |
| ചെലവ് | 6,39,96,311 |
| നീക്കിയിരിപ്പ് | 4,78,42,177 |

## 1-4-1 ഗ്രാന്റ് വിനിയോഗം - അപാകങ്ങൾ

1) 2024-25 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം B-4 ഷെഡ്യൂളിൽ താഴെപ്പറയുന്ന തുകകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു. അവ വിനിയോഗിക്കുകയോ ചെലവഴിക്കാത്ത തുക തിരിച്ചടയ്ക്കുകയോ ചെയ്യാത്തതിന്റെ കാരണം വ്യക്തമല്ല. വിശദാംശം ചുവടെ നൽകുന്നു.

| ഹെഡ്കോഡ് | ഇനം | തുക (രൂ.) |
|---|---|---|
| 320200205 | Fund For Transferred Institutions- Social Justice - Capital | 10000 |

| | | |
|---|---|---|
| 320300103 | Grants, Funds & Contributions For Specific Purposes - Other Government Agencies - Total Sanitation | 329140 |
| 320400101 | Grants, Funds & Contributions For Specific Purposes - Financial Institutions-Nabard Assistance | 18843 |
| 320700204 | Contributions For Joint Venture Projects (For Revenue Expenditure) – From Block Panchayats | 256884 |
| 320700205 | Contributions For Joint Venture Projects (For Revenue Expenditure) – From District Panchayats | 15993 |
| 320700404 | Contributions For Other Specific Purposes (For Revenue Expenditure) – From Block Panchayats | 6000 |

ജില്ലാ പഞ്ചായത്തിന്റെയും ബ്ലോക്ക് പഞ്ചായത്തിന്റെയും അനുവാദം വാങ്ങി നിലവിലെ സാമ്പത്തിക വർഷം തന്നെ തുക ചെലവഴിക്കുകയോ തിരിച്ചുനൽകുകയോ ചെയ്യുന്നതാണെന്ന് ഓഡിറ്റ് അന്വേഷണം നം. 41ന് മറുപടി ലഭ്യമാക്കി. തുടർ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2) സ.ഉ(കൈ)നം.84/2022/തസ്വഭവ., തീയതി 19.04.2022 ഖണ്ഡിക 5.4.1.9 പ്രകാരം പഞ്ചായത്തുകൾ പൊതു വിഭാഗം വികസന ഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, റ്റി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് പത്ത് ശതമാനം വനിത ഘടകപദ്ധതിയ്ക്ക് വകയിരുത്തണ്ടേതാണ്. മേൽ ഉത്തരവ് ഖണ്ഡിക 5.4.1.10 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ 5 ശതമാനം കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജന്ററേഴ്സ് എന്നിവരുടെ ക്ഷേമത്തിനും വികസനത്തിനും വേണ്ടിയും കുറഞ്ഞത് 5% തുക വയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റീവ് കെയർ പ്രകാരമുള്ള പരിചരണത്തിനും വകയിരുത്തണം. കുട്ടികൾ, ഭിന്നശേഷിയുള്ളവർ എന്നീ വിഭാഗങ്ങൾക്ക് വകയിരുത്തിയ തുകയുടെ ചെലവ് ശതമാനം കുറവായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| വിഭാഗം | അടങ്കൽ തുക (രൂ.) (മറ്റുള്ളവ ഒഴികെ) | ചെലവഴിച്ച തുക (രൂ.) (മറ്റുള്ളവ ഒഴികെ) | ചെലവ് ശതമാനം |
|---|---|---|---|
| കുട്ടികൾ | 1510000 | 1067655 | 70.70 |
| ഭിന്നശേഷിയുള്ളവർ | 275000 | 114400 | 41.6 |

ഗുണഭോക്താക്കളുടെ എണ്ണം കുറഞ്ഞതിനാലാണ് ചെലവ് ശതമാനം കുറഞ്ഞതെന്ന് ഓഡിറ്റ് അന്വേഷണം നം. 41ന് മറുപടി ലഭ്യമാക്കി. തുടർവർഷങ്ങളിൽ ചെലവ് ശതമാനം കൂട്ടുന്നതിനുള്ള സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

3) 15.07.2021-ലെ സ.ഉ(കൈ)നം.79/2021/ധന. പ്രകാരം 2024-25 സാമ്പത്തിക വർഷം അനുവദിച്ച വികസനഫണ്ട്, സംരക്ഷണ ഫണ്ട് എന്നിവയിൽ ആ വർഷം ചെലവഴിക്കാത്ത ഫണ്ട് തൊട്ടടുത്ത വർഷം ക്യാരി ഓവർ ചെയ്യാൻ അനുവദിച്ചിട്ടുണ്ട്. മുൻ സാമ്പത്തിക വർഷം അനുവദിച്ച ഫണ്ടിന്റെ പരമാവധി 20% വരെ മാത്രമാണ് ഇപ്രകാരം ക്യാരി ഓവർ ചെയ്യാൻ അനുവദിച്ചിട്ടുള്ളത്. ഓരോ സാമ്പത്തിക വർഷവും ലഭ്യമാകുന്ന ഫണ്ടിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിക്കുന്നത്.

2024-25 സാമ്പത്തിക വർഷത്തിൽ ലാപ്സായ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | അനുവദിച്ച തുക (രൂ.) | ചെലവ് തുക (രൂ.) (സുലേഖ പ്രകാരം) | നീക്കിയിരിപ്പ് തുക (രൂ.) | ചെലവ് ശതമാനം (%) | അനുവദിക്കുന്ന ക്യാരി ഓവർ തുക (രൂ.) | ലാപ്സായ തുക (രൂ.) |
|---|---|---|---|---|---|---|
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 4832000 | 2088907 | 2743093 | 43.23 | 966400 | 1776693 |

റീടാറിംഗ് പ്രവൃത്തികൾ കരാറുകാർക്ക് പൂർത്തീകരിക്കാനാകാത്തതിനാലും സ്പിൽ ഓവർ പ്രവൃത്തികൾ പ്രതികൂല കാലവസ്ഥ മൂലം പൂർത്തികരിക്കാൻ കാലതാമസം വന്നതിനാലുമാണ് ഫണ്ടിന്റെ ചെലവ് ശതമാനത്തിൽ കുറവ് വന്നത് എന്ന് ഓഡിറ്റ് അന്വേഷണം നം. 41ന് മറുപടി ലഭ്യമാക്കി. വരും വർഷങ്ങളിൽ സംരക്ഷണഫണ്ട് കാര്യക്ഷമമായി ഉപയോഗിക്കാൻ ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-4 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ഗ്രാന്റ് വിനിയോഗത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 30631186 | 30631186 | 31779709 | (-) 1148523 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 6060359 | 6060359 | 6817263 | (-) 756904 |
| വികസനഫണ്ട് (CFC Tied) | 0 | 12545848 | 12545848 | 2372159 | 10173689 |
| വികസനഫണ്ട് (CFC Untied) | 0 | 6153729 | 6153729 | 4688569 | 1465160 |
| മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 0 | 7646000 | 7646000 | 6952448 | 693552 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 0 | 4832000 | 4832000 | 2088907 | 2743093 |
| CSS | 0 | 0 | 0 | 1987310 | (-) 1987310 |

## 1-5 പദ്ധതി അവലോകനം

1) 2024-25 വർഷത്തെ വിവിധ നിർവ്വഹണ മേഖലകളുമായി ബന്ധപ്പെട്ട് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി അടങ്കൽ ചെലവ്, നീക്കിയിരുപ്പ് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

**(എ)**

| നിർവ്വഹണ ഉദ്യോഗസ്ഥർ | ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (രൂ.) (ഗു.വി. ഒഴികെ) | ആകെ പദ്ധതി ചെലവ് (രൂ.) (ഗു.വി. ഒഴികെ) | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 20 | 18 | 2 | 3899353 | 3052766 | 78.28 |
| വെറ്റിനറി സർജൻ | 6 | 6 | - | 1260000 | 1242320 | 98.59 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 22 | 20 | 2 | 9629944 | 7830113 | 81.31 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 5 | 5 | - | 420000 | 420000 | 100 |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 5 | 5 | - | 750600 | 750186 | 99.94 |
| വി.ഇ.ഒ | 20 | 16 | 4 | 22353620 | 14754877 | 66 |
| ഐസിഡിഎസ് സൂപ്പർവൈസർ | 18 | 17 | 1 | 6096700 | 4842109 | 79.42 |
| സെക്രട്ടറി | 44 | 29 | 15 | 15495479 | 8349670 | 53.88 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 69 | 50 | 19 | 33578668 | 19034463 | 56.68 |
| എച്ച്.എം. | 6 | 6 | 0 | 1015000 | 608050 | 59.9 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 4 | 4 | 0 | 3500000 | 1507134 | 43.06 |
| അസിസ്റ്റന്റ് സെക്രട്ടറി | 18 | 13 | 5 | 2987798 | 2043157 | 68.38 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 7 | 7 | - | 1498800 | 1483318 | 98.96 |
| ആകെ | 244 | 196 | 48 | 102485962 | 65918163 | 64.31 |

**(ബി) ആകെ വരവ് ചെലവ് (സുലേഖ പത്രിക പ്രകാരം)**

| ഫണ്ട് | വകയിരുത്തിയ തുക (രൂ.) | ചെലവ് തുക (രൂ.) | ശതമാനം |
|---|---|---|---|
| പൊതുവിഭാഗം (ജനറൽ) | 38062774 | 31779709 | 83.49 |
| എസ്.സി.പി. | 7535913 | 6817263 | 90.46 |
| ടി.എസ്.പി. | - | - | - |
| ധനകാര്യ കമ്മിഷൻ അവാർഡ് | 16138319 | 7060728 | 43.75 |

| | | | |
|---|---|---|---|
| കേന്ദ്രാവിഷ്കൃത ഫണ്ട് | 4095000 | 1987310 | 48.53 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 3729720 | 1490000 | 39.94 |
| തനത് ഫണ്ട് | 12928659 | 6411647 | 49.59 |
| മറ്റ് ബ്ലോക്ക്പഞ്ചായത്ത് | 2584400 | 618100 | 23.91 |
| മറ്റ് ജില്ലാ പഞ്ചായത്ത് | 1751320 | 340000 | 19.41 |
| മെയിന്റനൻസ് റോഡ് | 5685200 | 2088907 | 36.74 |
| മെയിന്റനൻസ് നോൺ റോഡ് | 8605606 | 6952448 | 80.78 |
| മറ്റുള്ളവ | 10277504 | 4335087 | 42.18 |

| ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (രൂ.) (ഗു.വി. ഒഴിവാക്കി) | ആകെ പദ്ധതി ചെലവ് (രൂ.) (ഗു.വി. ഒഴിവാക്കി) | ചെലവ് ശതമാനം |
|---|---|---|---|---|---|
| 244 | 196 | 48 | 102485962 | 65918163 | 64.31 |

**ആസൂത്രണ സമിതി**

പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ [സ.ഉ.(കൈ)നമ്പർ 84/2022 തസ്വഭവ തീയതി 19.04.2022] ഖണ്ഡിക, 3.1.1 അനുസരിച്ച് 1.12.2023/1(1) തീരുമാനപ്രകാരം ആസൂത്രണസമിതി പുന:സംഘടിപ്പിച്ചിട്ടുണ്ട്.

പുന:സംഘടിപ്പിച്ചതിന് ശേഷമുള്ള ആസൂത്രണ സമിതിയിലെ അംഗങ്ങളുടെ വിവരം തദ്ദേശഭരണ സ്ഥാപനത്തിന്റെയും ഘടകസ്ഥാപനങ്ങളുടയും നോട്ടീസ് ബോർഡുകളിലും തദ്ദേശഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിലും പ്രസിദ്ധപ്പെടുത്തിയില്ല.

**വർക്കിംഗ് ഗ്രൂപ്പ്**

സ.ഉ.കൈ.നം 84/2022 തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 3.1.2 എ പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ പുനഃസംഘടിപ്പിച്ചിട്ടുണ്ട്. ഉപ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പദ്ധതികൾ അംഗീകരിച്ചു കിട്ടാൻ കാലതാമസമുണ്ടായതിനാൽ മാർഗ്ഗരേഖ അനുശാസിക്കും പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ വിളിച്ചു ചേർക്കാൻ സാധിച്ചിട്ടില്ല എന്ന് ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 18/21.06.2025) മറുപടി നല്കി.

ഖണ്ഡിക 3.1.2(ബി) 13 പ്രകാരം വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. എന്നാൽ പദ്ധതികളുടെ ഫയലിൽ വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതി മോണിട്ടർ ചെയ്തതതായി കാണുന്നില്ല.

**സ്റ്റാറ്റസ് റിപ്പോർട്ട്**

വാർഷിക പദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി അവസ്ഥാരേഖ പരിഷ്കരിച്ചിട്ടുണ്ട്. സ്റ്റാറ്റസ് റിപ്പോർട്ടിൽ ഓരോ മേഖലയും നേരിടുന്ന പ്രശ്നങ്ങൾ അവയുടെ തീവ്രത അനുസരിച്ച് ലഘു, ഗുരുതരം, അതീവ ഗുരുതരം എന്നിങ്ങനെ അവസ്ഥാവിശകലനം നിർണ്ണയിച്ചിട്ടുണ്ട്. അതിനാൽ ഓരോ മേഖലയും നേരിടുന്ന പ്രശ്നങ്ങൾ കൃത്യമായി നിരീക്ഷിച്ച് സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രതിപാദിക്കും പ്രകാരം പരിഹാരമാർഗ്ഗം കണ്ടെത്തി പ്രശ്ന തീവ്രത ലഘൂകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**ഗ്രാമസഭ**

ഖണ്ഡിക 3.1.2(ബി) 7 പ്രകാരം മുൻവാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് കണക്കുകൾ ഫോറം 4-ൽ തയ്യാറാക്കി ഗ്രാമസഭയിൽ അവതരിപ്പിക്കേണ്ടതാണ്. എന്നാൽ, ഇപ്രകാരം ഗ്രാമസഭയിൽ കണക്കുകൾ അവതരിപ്പിച്ചിട്ടില്ല. പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 3.2.1(1) പ്രകാരം വികസന പരിപ്രേഷ്യവും കരട് പ്രോജക്ട് നിർദ്ദേശങ്ങളും തയ്യാറായാൽ ഗ്രാമസഭകൾ യോഗം ചേർന്ന് പ്രോജക്ട് നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിക്കണമെന്നുള്ളത് നിർബന്ധ വ്യവസ്ഥയാണ്. ഗ്രാമസഭ മിനിട്ട്സിന്റെ പരിശോധനയിൽ, വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് പ്രോജക്ടുകളുടെ മുൻഗണന നിശ്ചയിച്ചിട്ടുള്ളത് എന്ന് പരിശോധിക്കാനാവശ്യമായ രേഖപ്പെടുത്തലുകൾ ഇല്ല. വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പദ്ധതികളുടെ മുൻഗണന നിശ്ചയിച്ച് അത്തരം പദ്ധതികൾ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**വായ്പ**

മാർഗ്ഗരേഖ 3.4.1.8, 8(എ), (ബി) എന്നിവയുടെ അടിസ്ഥാനത്തിൽ വായ്പ സാദ്ധ്യതകൾ ചർച്ച ചെയ്ത്

വ്യക്തത വരുത്താവുന്നതാണ്. വായ്പാ ബന്ധിത പദ്ധതികൾ തൻവർഷം നടപ്പിലാക്കിയിട്ടില്ല.

**തൊഴിലുറപ്പ് പദ്ധതിയുടെ സംയോജനം**

മാർഗ്ഗരേഖ 3.5.6.3 (എ)യുടെ അടിസ്ഥാനത്തിൽ, മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിച്ച് തൻവർഷം പദ്ധതികളൊന്നും നടപ്പാക്കിയിട്ടില്ല.

**നൂതന പ്രോജക്ടുകൾ**

മാർഗ്ഗരേഖ 3.8.5 (1)ന്റെ അടിസ്ഥാനത്തിൽ നൂതന പ്രോജക്ടുകൾ നടപ്പാക്കിയിട്ടില്ല.

**CSR ഫണ്ട്**

വാർഷിക പദ്ധതി രൂപീകരണ സമയത്ത് CSR ഫണ്ട് ലഭിച്ചിട്ടില്ലാത്തതിനാൽ പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല.

**ആസ്തി സംരക്ഷണം**

ആസ്തി സംരക്ഷിക്കുന്നതിന്റെ ഭാഗമായി ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും ആർട്രാക്ക് നടപടി ക്രമങ്ങൾ പൂർത്തിയാക്കിയ ശേഷം ആസ്തികൾ കാലികമാക്കുന്നതാണെന്ന് അറിയിച്ചു.

പദ്ധതി വിഹിതത്തിലൂടെ ഗ്രാമപഞ്ചായത്തിന്റെ വികസന ലക്ഷ്യങ്ങൾ പൂർണമായി നേടുന്നതിനും ലഭ്യമാകുന്ന തുക പാഴാക്കാതെ പൂർണമായി ചെലവഴിക്കുന്നതിനും കൂടുതൽ തുക നിയമാനുസൃത മാർഗ്ഗേന ലഭ്യമാക്കുന്നതിനും സർക്കാർ ഉത്തരവുകൾ, മാർഗരേഖ എന്നിവ കൃത്യമായി അനുവർത്തിക്കേണ്ടതിന്റെ ആവശ്യകത ഭരണസമിതിയും നിർവ്വഹണ ഉദ്യോഗസ്ഥരും പ്രത്യേകം ഉൾക്കൊള്ളേണ്ടതുണ്ട് എന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു.

## 1-6 ക്ഷേമ പദ്ധതികളുടെ വിവരം

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക (രൂ.) |
|---|---|
| കർഷക തൊഴിലാളി പെൻഷൻ | 287600 |
| വിധവ പെൻഷൻ | 23622300 |
| വർദ്ധക്യകാല പെൻഷൻ | 43112600 |
| വികലാംഗ പെൻഷൻ | 6213800 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 22600 |

## 1-7 ക്യാഷ് വെരിഫിക്കേഷൻ

ഇടവ ഗ്രാമപ്പഞ്ചായത്തിന്റെ 2024-25 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി, 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് ഭൗതികപരിശോധന 20.06.2025 തീയതി 10.40AM മണിക്ക് ഉത്തരവാദപ്പെട്ട ജീവനക്കാരന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 31,708/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (രൂ.) | വരവ് (രൂ.) | ആകെ (രൂ.) | ചെലവ് (രൂ.) | നീക്കിയിരിപ്പ് (രൂ.) |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 504.93 | 2000712 | 2001216.93 | 2000730.78 | 486.15 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | - | - | - | - |
| **ആകെ** | 504.93 | 2000712 | 2001216.93 | 2000730.78 | 486.15 |

## 1-9 ആഭ്യന്തര നിയന്ത്രണം

ഇടവ ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം തൃപ്തികരമാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ന്യൂനതകൾ സൂചിപ്പിച്ചിട്ടുള്ളവ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1) ഓഫീസ് ഉത്തരവ് മുഖേന ഗ്രാമ പഞ്ചായത്തിലെ ജീവനക്കാരുടെ ജോലി വിഭജനം നടത്തിയിട്ടുണ്ട്.

2) സെക്രട്ടറി സ്റ്റാഫ് മീറ്റിംഗ് വിളിച്ചു ചേർക്കുകയും, ഓഫീസ് പ്രവർത്തനങ്ങൾ അവലോകനം നടത്തുകയും ചെയ്യുന്നുണ്ട്.

3) ഇൻകുമ്പൻസി മാസ്റ്റർ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നുണ്ട്.

4) സേവന പുസ്തക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ട്.

5) ജീവനക്കാരുടെ എല്ലാവരുടെയും ശമ്പള നിർണ്ണയ അംഗീകാരം സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയിട്ടുണ്ട്.

6) പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കിയതിന്റെ വിവരം സേവന പുസ്തകത്തിൽ രേഖപ്പെടുത്തുന്നുണ്ട്.

7) കാഷ്വൽ ലീവ് രജിസ്റ്റർ, മൂവ്മെന്റ് രജിസ്റ്റർ, ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ എന്നിവ പരിപാലിക്കുന്നുണ്ട്.

8) എസ്.എൽ.ഐ., ജി.ഐ.എസ്. എന്നിവ സർക്കാർ നിഷ്കർഷിച്ചിട്ടുള്ള നിരക്കിൽ സബ്സ്ക്രിപ്ഷൻ എടുത്തിട്ടുണ്ട്. എല്ലാത്തരം റിക്കവറികളും എല്ലാ മാസവും 5-ാം തീയതിയ്ക്കകം ഒടുക്കു വരുത്തുന്നുണ്ട്.

9) തനത് വരുമാനം പിരിച്ചെടുക്കുന്നതിൽ കാര്യക്ഷമമായ പ്രവർത്തനം നടത്തുന്നുണ്ട്. 2024-25ൽ നികുതി പിരിവ് 100% കൈവരിച്ചിട്ടുണ്ട്. പിരിവിന്റെ പുരോഗതി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മോണിട്ടറിംഗ് നടത്തുന്നുണ്ട്.

10) ഗ്രാമസഭ നിയമം അനുശാസിക്കുന്ന പ്രകാരം നിശ്ചിത ഇടവേളകളിൽ വിളിച്ചു ചേർക്കുന്നുണ്ട്. ഗ്രാമസഭ യോഗങ്ങൾക്ക് നിശ്ചിത ക്വാറം ഉണ്ട്.

11) അക്കൗണ്ടുകൾ എല്ലാ മാസവും കൃത്യമായി പരിശോധന നടത്തി സെക്രട്ടറി/ അക്കൗണ്ടന്റ് എന്നിവർ ഒപ്പ് രേഖപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്.

12) പരാതി രജിസ്റ്റർ നിശ്ചിത മാതൃകയിൽ സൂക്ഷിക്കുകയും, അപേക്ഷകൻ യഥാസമയം മറുപടി നൽകുകയും ചെയ്യുന്നുണ്ട്.

13) ഇലക്ട്രിക് സ്റ്റോക്ക് രജിസ്റ്റർ, ഫർണിച്ചർ സ്റ്റോക്ക് രജിസ്റ്റർ കൃത്യതയോടെ സൂക്ഷിക്കുന്നുണ്ട്.

14) സാങ്കേതിക വിഭാഗത്തിന് പരിശോധനിയ്ക്ക് നൽകുന്ന ഫയലുകൾ 7 ദിവസത്തിനകം പരിശോധിച്ച് തിരികെ ലഭ്യമാക്കുന്നുണ്ട്

15) പെൻഷൻ അപേക്ഷകൾ ചട്ടം അനുശാസിക്കുന്ന സമയപരിധിക്കുള്ളിൽ തീർപ്പ് കൽപ്പിക്കുന്നുണ്ട്. പെൻഷൻ അനുവദിച്ചത്/നിരസിച്ചത് സംബന്ധിച്ച് അറിയിപ്പ് കമ്മിറ്റി തീരുമാനം എടുത്ത് 2 ദിവസത്തിനകം നൽകുന്നുണ്ട്. എന്നാൽ ഗുണഭോക്താക്കളുടെ ലിസ്റ്റ് ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങുന്നില്ല.

16) മരണപ്പെടുന്നവരെ യഥാസമയം പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്.

17) ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി വാച്ച് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

18) ആസ്തി രജിസ്റ്റർ കാലികമാക്കി പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

19) ഓഡിറ്റ് റിപ്പോർട്ട് ലഭിച്ച് അടുത്ത കമ്മിറ്റിയിൽ റിപ്പോർട്ട് ചർച്ചയ്ക്ക് എടുക്കുകയും, കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആദ്യ മറുപടി തയ്യാറാക്കി സമർപ്പിക്കുകയും ചെയ്യുന്നുണ്ട്.

20) ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭയിൽ അവതരിപ്പിക്കുന്നില്ല.

21) ഓഡിറ്റ് ഒബ്ജക്ഷൻ/ഓഡിറ്റ് റിക്കവറി രജിസ്റ്റർ എന്നിവയിൽ ആവശ്യമായ എല്ലാ രേഖപ്പെടുത്തലുകളും വരുത്തി കാലികമാക്കി സൂക്ഷിക്കുന്നുണ്ട്.

(അവലംബം: ഓഡിറ്റ് എൻക്വയറി നം. 13/21.06.2025)

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 17.05.2022 മുതൽ 24.05.2022 വരെ | 01.01.2021 മുതൽ 31.03.2022 വരെ | 06.09.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 01.01.2019 മുതൽ | 2013-14 മുതൽ | 08.02.2020 |

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| | 17.01.2019 വരെ | 2017-18 വരെ | |

## 1-11 സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കുന്നില്ല

1994 കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 207 ഉപവകുപ്പ് 1 (B) പ്രകാരം കേന്ദ്ര സർക്കാർ വകയോ, സംസ്ഥാന സർക്കാർ വകയോ, എയ്ഡഡോ, കേന്ദ്ര സർക്കാരിന്റെയോ സംസ്ഥാന സർക്കാരിന്റെയോ ധനസഹായത്തോടെ പ്രവർത്തിക്കുന്നതോ ആയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് അല്ലെങ്കിൽ വിദ്യാഭ്യാസ അനുബന്ധ ആവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്ന കെട്ടിടങ്ങളും പ്രസ്തുത സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ താമസിക്കുന്നതുമായ ഹോസ്റ്റൽ കെട്ടിടങ്ങളെയും 203-ാം വകുപ്പ് പ്രകാരം ചുമത്താവുന്ന വസ്തതു നികുതിയിൽ നിന്നും 200-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം ചുമത്താവുന്ന സേവന ഉപനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

15-ാം വാർഡിലെ ജവഹർ പബ്ലിക് സ്കൂൾ എന്ന അൺഎയ്ഡഡ് വിദ്യാലയവും അനുബന്ധ കെട്ടിടങ്ങളേയും വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കിയതായി കാണുന്നു. വിദ്യാഭ്യാസ സ്ഥാപനം-എയിഡഡ് (സെ. 207(1 (ബി) - വിദ്യാഭ്യാസ ആവശ്യത്തിനും അനുബന്ധ ആവശ്യത്തിനുമുള്ള കെട്ടിടങ്ങൾ എന്ന തരത്തിൽ സഞ്ചയയിൽ രേഖപ്പെടുത്തിയാണ് നികുതിയിൽ നിന്ന് ഒഴിവാക്കിയിരിക്കുന്നത്. ഒഴിവാക്കിയ കെട്ടിടങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഡോർ നം. | ഉടമയുടെ വിവരങ്ങൾ | കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം (ച:മീ) |
|---|---|---|---|
| 1 | 15/86/A | മാനേജർ, ജവഹർ പബ്ലിക് സീനിയർ സെക്കന്ററി സ്കൂൾ | 2052 |
| 2 | 15/87 | ഫാദർ ജോസഫ് പാലക്കുന്നേൽ, ന്യൂമാൻ സി.എം.ഐ. ഹൗസ് | 1839 |
| 3 | 15/88 | ഫാദർ ജോസഫ് പാലക്കുന്നേൽ, സ്റ്റാഫ് കോർട്ടേഴ്സ് ജവഹർ പബ്ലിക് സ്കൂൾ | 1895 |
| 4 | 15/89 | മാനേജർ, ജവഹർ പബ്ലിക് സീനിയർ സെക്കന്ററി സ്കൂൾ | 394 |
| 5 | 15/89/A | മാനേജർ, ജവഹർ പബ്ലിക് സീനിയർ സെക്കന്ററി സ്കൂൾ | 912 |
| 6 | 15/89/B | മാനേജർ, ജവഹർ പബ്ലിക് സീനിയർ സെക്കന്ററി സ്കൂൾ | 882 |
| 7 | 15/89/C | മാനേജർ, ജവഹർ പബ്ലിക് സീനിയർ സെക്കന്ററി സ്കൂൾ | 881 |
| 8 | 15/89/D | മാനേജർ, ജവഹർ പബ്ലിക് സീനിയർ സെക്കന്ററി സ്കൂൾ | 881 |

വിശദീകരണം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.22/23.06.25) ടി കെട്ടിടം 2013 വരെ വസ്തു നികുതി ഒടുക്കിയിട്ടുള്ളതാണെന്നും 2013-ലെ ഡാറ്റ പ്യൂരിഫിക്കേഷൻ സമയത്തു ഉണ്ടായ പിഴവായിരിക്കാം കാരണമെന്ന മറുപടിയാണ് ലഭ്യമായത്. മേൽ കെട്ടിടത്തിന്റെ വസ്തു നികുതി പുനർ നിർണയിച്ച് കുടിശ്ശിക തുക സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 വസ്തു നികുതി ഒഴിവാക്കിയതിൽ അപാകത

ജി.ഒ(എം.എസ്).144/15/തസ്വഭവ., തീ.27.04.2015, ജി.ഒ(എം.എസ്)358/15/തസ്വഭവ., തീ. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ കുടുംബനാഥന്റെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസ ഗൃഹത്തിന് മാത്രമായി പ്രസ്തുത ഒഴിവാക്കൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. ചുവടെ ചേർത്തിരിക്കുന്ന ഒരേ ഉടമസ്ഥന്റെ ഒന്നിലധികം കെട്ടിടങ്ങളേയും, 60 ച. മീറ്ററിലധികം വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെയും വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

| ക്രമ നമ്പർ | ഡോർ നമ്പർ | ഉടമയുടെ വിവരം | കെട്ടിടത്തിന്റെ ആകെ |
|---|---|---|---|

| | | | |
|---|---|---|---|
| | | | വിസ്തീർണ്ണം (ച:മീ) |
| 1 | 1/152/A | ആർ. ചെല്ലപ്പൻ (വേണുഭവൻ, കാപ്പിൽ) | 25 |
| | 1/152/B | | 25 |
| | 1/152/C | | 25 |
| 2 | 1/239/B | ഇ. കമാലുദ്ദീൻ (ദാറുസഫ്ന, കാപ്പിൽ) | 25 |
| | 1/239/A | | 25 |
| 3 | 1/434/A | എൽ. ഭാരതിഅമ്മ (നീരോട്ട് വീട്) | 25 |
| | 1/434/B | | 25 |
| | 1/434/C | | 25 |
| | 1/434/D | | 25 |
| 4 | 15/69/B | കമാലുദ്ദീൻ, പൂവണം നിന്നതിൽവീട് | 63 |
| 5 | 15/418/B | ജമീലാബീവി, ബേബി മൻസിൽ | 160 |
| 6 | 5/74/A | എസ്. രാഹുൽ | 180 |
| 7 | 5/256 | കെ. എസ്. ബാലൻ | 105 |
| | 5/256/A | | 30 |
| 8 | 13/141/A | വാഹിദാ ബീവി, ഓടിട്ടകുഴയ്ക്കാട് | 25 |
| | 13/141/B | | 25 |
| | 13/141/C | | 25 |
| | 13/141/D | | 25 |
| 9 | 8/170/D | സുരേഷ്കുമാർ ടി. | 150 |

ഓഡിറ്റ് അന്വേഷണം (നം.22/23.06.25) പ്രകാരം ലഭ്യമായ മറുപടിയും ഓഡിറ്റ് നിർദ്ദേശങ്ങളും ചുവടെ ചേർക്കുന്നു.

1. ക്രമ നമ്പർ 1, 2, 3, 8-ൽ പരാമർശിച്ചിരിക്കുന്ന കെട്ടിടങ്ങൾ ഡ്യൂപ്ലിക്കേഷനായി അസസ്മെന്റ് രജിസ്റ്ററിൽ ഉൾപ്പെട്ടതാണെന്നും അവ നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നുമുള്ള മറുപടിയാണ് ലഭ്യമായത്. അപാകത പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2. ക്രമ നമ്പർ 6-ൽ പറഞ്ഞിരിക്കുന്ന കെട്ടിടം പൊളിച്ചുമാറ്റിയതാണെന്നും കെട്ടിടത്തിന്റെ ഡെമോളിഷൻ വിവരങ്ങളിൽ പൊളിച്ചുമാറ്റപ്പെട്ട തീയതി തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു എന്ന മറുപടിയാണ് ലഭ്യമായത്. സഞ്ചയയിൽ തിരുത്തലുകൾ വരുത്തി അപാകത പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3. ക്രമ നമ്പർ 4,5-ൽ പരാമർശിച്ചിരിക്കുന്ന കെട്ടിടങ്ങൾ $60m^2$-ൽ കൂടുതലുള്ളതായി ബോധ്യപ്പെട്ടിട്ടുണ്ടെന്നും അപാകത പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന മറുപടി ലഭ്യമായി. കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിലെ അപാകതകൾ പരിഹരിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

4. ക്രമ നമ്പർ 9-ൽ പരാമർശിച്ചിരിക്കുന്ന സുരേഷ് കുമാർ ടി. എന്ന വ്യക്തിയെയോ ടിയാളുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളോ കണ്ടെത്തുവാൻ സാധിച്ചില്ലത്തതിനാൽ ടി കെട്ടിടങ്ങളെ അസസ്മെന്റ് രേഖകളിൽ നിന്നും നീക്കം ചെയ്യുന്നതാണെന്ന മറുപടിയാണ് ലഭ്യമായത്.

5. ക്രമ നമ്പർ 7-ലെ കെട്ടിടങ്ങളെക്കുറിച്ച് മറുപടിയിൽ പരാമർശിക്കുന്നില്ല. കെട്ടിടങ്ങളെക്കുറിച്ച് അന്വേഷണം നടത്തി വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കാൻ സാധിക്കാത്തവയക്ക് നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 300 ച.മീ.ൽ കൂടുതൽ വിസ്തീർണമുള്ളതായ കെട്ടിടത്തെ 300 ച.മീ. വരെയുള്ള കെട്ടിടങ്ങളുടെ ഗണത്തിൽ ഉൾപ്പെടുത്തി

29.04.2023 ലെ 5(1)നമ്പർ ഭരണസമിതി തീരുമാനപ്രകാരം 300 ച.മീ. വരെയുള്ള കെട്ടിടങ്ങൾക്ക് 1 ച.മീറ്ററിന് 8/- രൂപയും 300 ച.മീ. ന് മുകളിലുള്ള കെട്ടിടങ്ങൾക്ക് 1 ച.മീറ്ററിന് 12/- രൂപയുമാണ് നിരക്ക് നിശ്ചയിച്ചിട്ടുള്ളത്. 300 ച.മീ.ൽ കൂടുതൽ വിസ്തീർണമുള്ളതായ കെട്ടിടത്തെ 300 ച.മീ. വരെയുള്ള കെട്ടിടങ്ങളുടെ ഗണത്തിൽ ഉൾപ്പെടുത്തി കുറഞ്ഞനിരക്കിൽ (12/- രൂപയ്ക്ക് പകരം 8/- രൂപ നിരക്കിൽ) വസ്തുനികുതി നിർണയിച്ചിരിക്കുന്നു.

| ഡോർ നമ്പർ വിസ്തീർണം | (ച.മീ.) | ഈടാക്കിയ അടിസ്ഥാന വസ്തു നികുതി നിരക്ക് | ഈടാക്കേണ്ട അടിസ്ഥാന വസ്തു നികുതി നിരക്ക് | സഞ്ചയ പ്രകാരം നികുതി ഡിമാന്റ് ചെയ്ത് തുടങ്ങിയ വർഷം |
|---|---|---|---|---|
| 14/164/A | 331.92 | 8/- | 12/- | 2024 രണ്ടാം അർദ്ധവർഷം |

ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (21/23.06.25) ഡാറ്റാ പ്യൂരിഫിക്കേഷൻ ഓപ്പണാവുന്ന മുറയ്ക്ക് ടി അപാകത പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യാമെന്ന മറുപടിയാണ് ലഭ്യമായത്. അപാകത പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-14 ഡെമോളിഷ് ചെയ്ത കെട്ടിടങ്ങൾക്ക് ഡിമാന്റില്ലാതെയാണ് കളക്ഷൻ രേഖപ്പെടുത്തുന്നത്.

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 24 പ്രകാരം ഒരു കെട്ടിടം പൊളിച്ചു കളയുമ്പോൾ കെട്ടിട ഉടമ സെക്രട്ടറിയ്ക്ക് നോട്ടീസ് നൽകേണ്ടതാണ്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം അപേക്ഷകൾ ലഭിക്കുമ്പോൾ പ്രസ്തുത കെട്ടിടങ്ങളുടെ നികുതി പൂർണമായും ഈടാക്കിയതിനുശേഷം അപേക്ഷ ലഭിച്ചതിന്റെ മുൻകാലയളവ് മുതലുള്ള ഡിമാന്റ് സഞ്ചയയിൽ നിന്നും ഒഴിവാക്കി നൽകുന്നുണ്ട് . മേൽ സാഹചര്യത്തിൽ വസ്തു നികുതി പിരിച്ചെടുത്ത കാലയളവിലെ ഡിമാന്റും സഞ്ചയയിൽ നിന്നും ഒഴിവാകുന്നു (ഡിമാന്റ് പൂജ്യം ആകുന്നു). ഇക്കാരണത്താൽ നികതി പിരിവ് ശതമാനത്തിൽ തെറ്റായ വർദ്ധനവും കാണപ്പെടുന്നുണ്ട്. 2024-25 സാമ്പത്തിക വർഷത്തെ സഞ്ചയ ഡി.സി.ബി റിപ്പോർട്ട് പരിശോധിച്ചതിൽ താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് ഡിമാന്റില്ലാതെയാണ് കളക്ഷൻ രേഖപ്പെടുത്തിയിട്ടുള്ളത്.

| **വാർഡ്/ കെട്ടിട നം** | **കളക്ഷൻ തുക (ലൈബ്രറി സെസ് ഉൾപ്പെടെ)** | **രസീത് നം** | **തീയതി** |
|---|---|---|---|
| 3/30/C | 417 | 1240603916 | 15/02/2025 |
| 4/350 | 109 | 1240603454 | 28/01/2025 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (40/25.06.25) പ്രസ്തുത കെട്ടിടങ്ങളുടെ നികുതി പൂർണമായും അടവാക്കിയതിനു ശേഷമാണു ഡെമോളിഷൻ നടപടികൾ സ്വീകരിച്ചതെന്നും ആയതിനാലാണ് രണ്ടാം അർദ്ധവർഷം ഡിമാന്റ് ഇല്ലാത്ത കളക്ഷൻ രേഖപ്പെടുത്തിയതായി DCB-യിൽ കാണിക്കുന്നതെന്ന മറുപടിയാണ് ലഭ്യമായത്. കെട്ടിടങ്ങൾക്കു ഡിമാൻഡ് ഇല്ലാതെ അഡ്വാൻസ് കളക്ഷൻ ആയി നികുതി രേഖപ്പെടുത്തുമ്പോൾ നികുതി തെറ്റായ വർദ്ധനവിന് കാരണമാവുന്നു. സഞ്ചയയിൽ അഡ്വാൻസായിരിക്കുന്ന തുക വാർഷിക ധനകാര്യ പത്രികയിൽ ക്രമീകരിച്ചതെങ്ങനെയെന്നു വ്യക്തമാക്കേണ്ടതും തുടർ വിവരങ്ങൾ അറിയിക്കേണ്ടതുമാണ്.

## 1-15 മൊബൈൽ ടവറുകളിൽ നിന്നും വസ്തു നികുതി കുടിശ്ശിക - നടപടികൾ സ്വീകരിക്കേണ്ടതാണ്.

താഴെപ്പറയുന്ന വിവിധ ടെലഫോൺ ടവറിന്റെ വസ്തു നികുതി പൂർണ്ണമായും അടവാക്കിയിട്ടില്ല.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമ/ സ്ഥാപനം | നികുതി കുടിശ്ശികയായ അർദ്ധ വർഷം | അടവാക്കേണ്ട തുക |
|---|---|---|---|---|
| 1 | 1/439/TT3 | SUMAM | 2013 ഒന്നാം അർദ്ധ വർഷം മുതൽ | 189495/- |
| 2 | 7/362/TT1 | INDUS TOWERS LTD | 2024 ഒന്നും രണ്ടും അർദ്ധവർഷങ്ങൾ | 16236/- |

തുക അടവാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കാൻ നല്കിയ ഓഡിറ്റ്

അന്വേഷണത്തിന് (23/23.06.25) മേൽ പറഞ്ഞ മൊബൈൽ ടവറുകളുടെ ഉടമകൾക്ക് എതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചു എന്ന മറുപടിയാണ് ലഭ്യമായത്. തുടർ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 തൊഴിൽ നികുതി പരിഷ്കരിച്ച നിരക്കിൽ ഈടാക്കിയിട്ടില്ല

സ.ഉ.(സാ.ധാ.) നം.1149/2024/LSGD തീയതി 27.06.2024 പ്രകാരം ഗ്രാമപഞ്ചായത്തുകളിലെയും നഗരസഭകളിലെയും തൊഴിൽ നികുതി സ്ലാബുകൾ ആറാം ധനകാര്യകമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ 2.118 നമ്പർ ശിപാർശയിലെ നിരക്കിൽ 2024 രണ്ടാം അർദ്ധവർഷം പ്രാബല്യത്തിൽ പരിഷ്കരിച്ചിട്ടുണ്ട്. എന്നാൽ തൊഴിൽ നികുതി രജിസ്റ്റർ, സ്ഥാപന ഉടമ സമർപ്പിക്കുന്ന ലിസ്റ്റ് എന്നിവ പരിശോധിച്ചതിൽ ചുവടെ പറയുന്ന ജീവനക്കാരുടെ രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി പരിഷ്കരിച്ച നിരക്കിൽ ഈടാക്കിയിട്ടില്ലയെന്ന് കാണുന്നു. രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി അടവാക്കാൻ സ്ഥാപനങ്ങൾക്ക് നൽകിയ ഡിമാന്റ് നോട്ടീസിലും പഴയ നികുതി നിരക്ക് തന്നെയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ പേര് | അർദ്ധ വാർഷിക വരുമാനം | പരിഷ്കരിച്ച നിരക്കിൽ ഈടാക്കേണ്ട നികുതി | ഈടാക്കിയ നികുതി | വ്യത്യാസം |
|---|---|---|---|---|---|
| FHC Edava | Sarika S(Lab Helper) | 62750 | 750 | 600 | 150 |
| | Sheeja SA(PTS) | 44750 | 600 | 300 | 300 |
| | Shisna(Pharmacist) | 76310 | 750 | 600 | 150 |
| | Greeshma R(Pharmacist) | 76310 | 750 | 600 | 150 |
| Little Flower EMHSS | Rohini Surendran(Head Mistress) | 60000 | 750 | 600 | 150 |
| | Rejitha V (Teacher) | 73920 | 750 | 600 | 150 |
| | Babitha G(Teacher) | 70500 | 750 | 600 | 150 |
| | Dhanya Mohan (Teacher) | 69000 | 750 | 600 | 150 |
| | Rajitha A R(Teacher) | 51000 | 750 | 450 | 300 |
| | Veena VC(Teacher) | 57900 | 750 | 450 | 300 |
| | Sumi (Teacher) | 71700 | 750 | 600 | 150 |
| | Rekha RV (Teacher) | 53400 | 750 | 450 | 300 |
| Venkulam KVCS T247 | Riji B Lekshmi(Secretary) | 57000 | 750 | 450 | 300 |
| | K Shaji(Salesman) | 49800 | 750 | 450 | 300 |
| | Balachandran Nair (Salesman) | 49800 | 750 | 450 | 300 |
| | K Anil Kumar (Salesman) | 49200 | 750 | 450 | 300 |
| S B Clinic | SreekalaDevi (Nurse) | 42000 | 600 | 300 | 300 |
| | Kumari Aabha(Nurse) | 42000 | 600 | 300 | 300 |
| | Soniya(Lab Technician) | 36000 | 600 | 300 | 300 |
| | Shyamala (PTS) | 27000 | 450 | 180 | 270 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( 24/23.06.25) പരിഷ്കരിച്ച തൊഴിൽ നികുതി ഈടാക്കുന്നതിൽ പിഴവ് വന്നിട്ടുണ്ടെന്നും അടുത്ത സാമ്പത്തിക വർഷം മുതൽ പുതുക്കിയ തൊഴിൽ നികുതി ഈടാക്കുന്നതാണെന്ന മറുപടിയാണ് ലഭ്യമായത്. സ്ഥാപനത്തിലെ ജീവനക്കാർക്ക് അറിയിപ്പ് നൽകി വ്യത്യാസമുള്ള തുക ഈടാക്കി രസീതിന്റെ പകർപ്പുകൾ സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17 ലൈഫ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ്-അപേക്ഷ നിശ്ചിത മാതൃകയിൽ സമർപ്പിക്കുന്നില്ല

2012 ലെ കേരള പഞ്ചായത്ത് രാജ് (ലൈഫ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം ലൈഫ് സ്റ്റോക്ക് ഫാമുകൾ/ പൗൾട്രി ഫാമുകൾ സ്ഥാപിക്കുന്നതിന് പഞ്ചായത്തിൽ നിന്ന് ലൈസൻസ് ലഭ്യമാക്കേണ്ടതാണ്. ഫാം നടത്തുന്നതിന് ലൈസൻസിനുള്ള അപേക്ഷ ഫാറം 2 മാതൃകയിൽ വളർത്താനുദ്ദേശിക്കുന്ന മൃഗങ്ങളുടെ/പക്ഷികളുടെ എണ്ണം, ലഭ്യമായ ഭുവിസ്തൃതി, കെട്ടിടങ്ങളുടെ വിവരണം, മാലിന്യങ്ങൾ കൈയൊഴിയുന്നതിന് സ്വീകരിച്ച മാർഗങ്ങൾ എന്നിവ ഉൾപ്പെടുത്തി നൽകേണ്ടതും നിബന്ധനകൾ പാലിക്കുന്നുണ്ടെങ്കിൽ സെക്രട്ടറി ലൈസൻസ് അനുവദിക്കേണ്ടതും സ്ഥല പരിശോധന നടത്തേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിലെ 2024-25

ലൈസൻസ് രജിസ്റ്റർ, അപേക്ഷ(ILGMS) എന്നിവ പരിശോധിച്ചതിൽ ചുവടെ പറയുന്ന ഫാമുകളുടെ ലൈസൻസ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത് FACTEOS ലൈസൻസിനുള്ള അപേക്ഷയുടെ മാതൃകയിലാണ്.

| കെട്ടിട നമ്പർ | അപേക്ഷകന്റെ പേര് | ഫാമിന്റെ സ്വഭാവം | ഫയൽ നമ്പർ |
|---|---|---|---|
| 7/212/B | വരദരാജൻ, കരിപ്പുറം പൗൾട്രി ഫാം | പൗൾട്രി ഫാം | 2024/4540 |

ഈ സാമ്പത്തിക വർഷം മുതൽ അപേക്ഷ സ്വീകരിക്കുന്നതിൽ വീഴ്ച വരാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണത്തിന് (33/24.06.2025)ക്ക് മറുപടി നൽകി. ഫാം നടത്തുന്നതിന് ലൈസൻസിനുള്ള അപേക്ഷ നിശ്ചിതമാതൃകയിലുള്ളതാണെന്നും വളർത്താനുദ്ദേശിക്കുന്ന മൃഗങ്ങൾ/പക്ഷികളുടെ എണ്ണത്തിന് ആനുപാതികമായ വിസ്തൃതി ഫാമിനുണ്ടെന്നും മാലിന്യങ്ങൾ കൈയ്യൊഴിയുന്നതിന് മാർഗങ്ങൾ സ്വീകരിച്ചിട്ടുണ്ടെന്നും ഉറപ്പാക്കി ലൈസൻസ് നൽകുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-18 യന്ത്രങ്ങളുടെ കുതിരശക്തിയുടെ അടിസ്ഥാനത്തിലുള്ള ലൈസൻസ് ഫീസ് ഈടാക്കുന്നില്ല

1996 ലെ കേരള പഞ്ചായത്ത് രാജ്(ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ) ചട്ടം 17, 18, പട്ടിക 3 എന്നിവ പ്രകാരം യന്ത്രത്തിന്റെ കുതിരശക്തിക്കാനുപാതികമായി നിശ്ചിത മോട്ടോർ ഫീസ് ഈടാക്കേണ്ടതാണ്. 2024-25 സാമ്പത്തിക വർഷത്തേയ്ക്ക് ഫാക്ടറി വ്യാപാര ലൈസൻസ് എടുക്കുന്നതിനുവേണ്ടി അപേക്ഷിച്ച ചുവടെ ചേർക്കുന്ന അപേക്ഷകരിൽ നിന്ന് വൈദ്യുതി കൊണ്ടു പ്രവർത്തിക്കുന്ന യന്ത്രങ്ങളുടെ കുതിരശക്തിയുടെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ള ഫീസ് ഈടാക്കിയിട്ടില്ല. അതിന്റെ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

| അപേക്ഷകരുടെ പേര് | ലൈസൻസ് നം. | സ്ഥാപനത്തിന്റെ പേര് | ഉപയോഗിക്കുന്ന വൈദ്യുത യന്ത്രത്തിന്റെ കുതിരശക്തി | ഈടാക്കേണ്ടിയിരുന്ന തുക |
|---|---|---|---|---|
| ശ്രീകുമാർ, 6/272 | 400198/RPTL20/ GPO/2024/1344 | ഫ്ലവർ മിൽ | 10 HP | 100/- |
| മല്ലിക | 400198/RPTL20/ GPO/2024/1862 | ദേവരാഘം ഫ്ലവർ മിൽ | 10 HP | 100/- |
| രത്നകുമാർ | 400198/RPTL20/ GPO/2024/1908 | ആര്യ ഫ്ലവർ മിൽ | 15HP | 200/- |
| ബേബി എസ് | 400198/RPTL20/ GPO/2024/2539 | സുപ്രീം ഫ്ലവർ മിൽ | 9 HP | 100/- |
| രജീഷ് കുമാർ | 400198/RPTL19/ GPO/2024/3406 | സദാശിവ ഫ്ലവർ മിൽ | 10 HP | 100/- |

ഇതിന്റെ വിശദീകരണം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(29/23.06.25) ലൈസൻസ് അപേക്ഷകരിൽ നിന്ന് മെഷിനറി ഫീ ഈടാക്കാൻ വിട്ടുപോയിട്ടുണ്ടെന്നും ILGMS -ൽ മെഷിനറി ഫീ ഡിമാൻഡ് ചെയ്യാൻ പറ്റുമായിരുന്നില്ല എന്ന മറുപടിയാണ് ലഭ്യമായത്. മോട്ടോർഫീസ് ഈടാക്കി രേഖകൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-19 ഇ-ടെണ്ടർ ഫീ തുക സെക്രട്ടറിയുടെ അക്കൗണ്ടിലേയ്ക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറ വില (ടെണ്ടർ ഫീസ്) ഇപ്പോഴും തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ഒടുക്കുവരുത്തുന്നത് എന്ന് ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ - 11/21.06.2025) മറുപടിയിൽ അറിയിച്ചു.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2024-25 വർഷം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറ വില (ടെണ്ടർ ഫീസ്) പ്രകാരം ആകെ 22,175/- രൂപ ലഭ്യമായിട്ടുണ്ട് എന്നും 2024-25 സാമ്പത്തിക വർഷത്തിന് മുൻപ് ടെണ്ടർ ഫീസ് ഇനത്തിൽ ലഭിച്ച തുകയായ 24,300/- രൂപയും ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൌണ്ടിൽ നിന്നും തിരികെ ലഭ്യമാകാനുണ്ടെന്നും അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു.

2024-25 സാമ്പത്തിക വർഷം ഉൾപ്പെടെ ഇ-ടെണ്ടർ ഫീ ഇനത്തിൽ ആകെ 46,475/- രൂപ ഇടവ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ അക്കൌണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യാനുണ്ട്. പ്രസ്തുത തുക ജില്ലാ പഞ്ചായത്ത് EE യുടെ അക്കൌണ്ടിൽ നിന്നും തിരികെ ലഭ്യമാക്കി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ അക്കൌണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യേണ്ടതാണ്. കൂടാതെ ഇ-ടെണ്ടർ ഫീ തുക സ്വീകരിക്കുന്നതിനായി അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ നിലവിൽ അക്കൌണ്ട് ഇല്ലാത്തതിനാൽ പുതിയ അക്കൌണ്ട് എടുക്കുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 1-20 തെരുവ് വിളക്ക് പുനരുദ്ധാരണം- തുക നൽകൽ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 238/24-25 |
| പ്രോജക്റ്റിന്റെ പേര് | തെരുവ് വിളക്ക് പുനരുദ്ധാരണം- തുക നൽകൽ |
| അടങ്കൽ | 50,000/- |
| ചെലവ് | 43,500/- |
| ഫണ്ടിനം | തനത് ഫണ്ട് |
| ബിൽ നമ്പർ | 93/03-10-2024 |
| നിർവ്വഹണം | സെക്രട്ടറി |

ഗ്രാമപഞ്ചാത്തിലെ എല്ലാ തെരുവ് വിളക്കുകളിലും ബൾബ് വാങ്ങി സ്ഥാപിക്കുന്നതിനായാണ് പ്രോജക്റ്റ് തയ്യാറാക്കിയത്. ഇതിലേക്കായി ക്വട്ടേഷൻ ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞ തുക ക്വോട്ട് ചെയ്ത M/S. ബെസ്റ്റ് ആന്റ് സേഫ് ഇലക്ട്രിക്കൽസ്, ഓടയം എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ 15-07-2024 ൽ ചേർന്ന ഭരണ സമിതി യോഗം 1(2) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പ്രസ്തുത സ്ഥാപനത്തിന് മേൽ പരാമർശിക്കും പ്രകാരം തുക കൈമാറി. പ്രോജക്റ്റിന്റെ നിർവ്വഹണത്തിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

എ) M/S. ബെസ്റ്റ് ആന്റ് സേഫ് ഇലക്ട്രിക്കൽസ്, ഓടയം എന്ന സ്ഥാപനത്തിന് നൽകിയ വർക്ക് ഓർഡർ ഫയലിൽ ഉള്ളടക്കം ചെയ്തിട്ടില്ല

ബി) സ്ഥാപനവുമായി പ്രോജക്റ്റിന്റെ നിർവ്വഹണം സംബന്ധിച്ച് കരാർ ചമച്ചിട്ടില്ല

സി) 1961 ലെ ആദായ നികുതി നിയമം സെക്ഷൻ 194സി പ്രകാരം ഈടാക്കേണ്ടിയിരുന്ന 2% ആദായ നികുതി സ്ഥാപനത്തിൽ നിന്നും ഈടാക്കിയില്ല

ഡി) പ്രോജക്റ്റ് നിർവഹണത്തിന്റെ മോണിട്ടറിംഗ് റിപ്പോർട്ട് ഫയലിൽ ഉള്ളടക്കം ചെയ്തിട്ടില്ല

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/21-06-2025) പ്രവൃത്തി അടിയന്തിരമായി ചെയ്തതിനാൽ വർക്ക് ഓർഡറും കരാറും ഫയലിൽ ഉൾക്കൊള്ളിക്കുവാൻ സാധിച്ചിട്ടില്ലെന്നും 2% ആദായ നികുതി പലിശ ഉൾപ്പെടെ അടവാക്കുന്നതിന് സ്ഥാപനത്തിന് കത്ത് നൽകിയിട്ടുണ്ടെന്നും സെക്രട്ടറി മറുപടി നൽകി. വരും വർഷങ്ങളിൽ മേൽ അപാകത ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-21 പൊതുടാപ്പുകളുടെ വെള്ളക്കരം അടവാക്കൽ- തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്

| | | |
|---|---|---|
| പ്രോജക്റ്റിന്റെ പേര് | പൊതുടാപ്പുകളുടെ വെള്ളക്കരം അടവാക്കൽ | |
| പ്രോജക്റ്റ് നമ്പർ | 61/25 | |
| അടങ്കൽ | പൊതുടാപ്പുകളുടെ വെള്ളക്കരം അടവാക്കൽ | |
| ചെലവ് | 5,00,000/- | |
| ബിൽ നമ്പർ | 52170 | 24/28-06-2024 |
| | 52170 | 25/28-06-2024 |
| | 52170 | 26/28-06-2024 |
| | 52170 | 55/28-06-2024 |
| | 52170 | 66/30-08-2024 |
| | 52170 | 83/23-09-2024 |
| | 52170 | 126/17-10-2025 |
| | 52170 | 171/29-11-2024 |
| | **ആകെ 4,17,360/-** | |

| | |
|---|---|
| ഫണ്ടിനം | തനത് ഫണ്ട് |
| നിർവ്വഹണം | സെക്രട്ടറി |

2024 ഏപ്രിൽ മുതൽ 2025 മാർച്ച് മാസം വരെയുള്ള കാലയളവിൽ ഗ്രാമപഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള പൊതുടാപ്പുകളുടെ വെള്ളക്കരം കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ബില്ല് ലഭിക്കുന്ന മുറയ്ക്ക് അടവാക്കുന്നതിനായാണ് പ്രോജക്ട് തയ്യാറാക്കിയത്. കേരള വാട്ടർ അതോറിറ്റിയിൽ നിന്നും 2024-25 സാമ്പത്തിക വർഷം ലഭിച്ച ബില്ലുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| മാസം | ബിൽ നമ്പർ | മുൻബാക്കി | തൻമാസത്തെ വാടക | ഫൈൻ | ബിൽ പ്രകാരമുള്ള ആകെ ഡിമാന്റ് തുക |
|---|---|---|---|---|---|
| 04/2024 | 84396 | 932862 | 52170 | 18285 | 1003317 |
| 05/2024 | 85257 | 951147 | 52170 | 18657 | 1021974 |
| 06/2024 | 82601 | 969804 | 52170 | 19023 | 1040997 |
| 07/2024 | 87127 | 988827 | 52170 | 19396 | 1060393 |
| 08/2024 | 88058 | 1060393 | 52170 | 20820 | 1133383 |
| 09/2024 | 89019 | 1029043 | 52170 | 20164 | 1101377 |
| 10/2024 | 89955 | 1091860 | 52170 | 21434 | 1165464 |
| 11/2024 | 90848 | 1061124 | 52170 | 20794 | 1134088 |
| ആകെ | | 8085060 | 417360 | 158573 | 8660993 |

KWA, KSEB എന്നിവയ്ക്ക് നല്കാനുള്ള തുക ഗ്രാമ പഞ്ചായത്തുകളുടെ തനത് വരുമാനം/ General Purpose Fund എന്നിവയിൽ നിന്നും നല്കേണ്ട ആദ്യ ഇനം ആക്കേണ്ടതാണെന്ന് സ.ഉ(എം.എസ്) 119/2022/LSGD തീയതി 06/06/2022 ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. കൂടാതെ തുക അടയ്ക്കുന്നതിൽ അകാരണമായി വരുന്ന കാലതാമസത്തിനുള്ള പിഴ സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യത ആയിരിക്കുമെന്നും വ്യക്തമാക്കിയിട്ടുണ്ട്. പ്രോജക്ട് പ്രകാരം അടവാക്കിയ തുകയ്ക്ക് വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിച്ച കൈപ്പറ്റ് രസീത് ഫയലിൽ സൂക്ഷിട്ടില്ല. പിഴപ്പലിശ ഉണ്ടാകാനിടയായ സാഹചര്യം വിശദീകരിക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 34/24-06-2025) പൊതുടാപ്പുകൾ ഡിസ്കണക്ട് ചെയ്യുന്നതിന് പ്രോജക്ട് പ്രകാരം തുക അടവാക്കിയിരുന്നതായും 2024 ഫെബ്രുവരി, മാർച്ച് മാസങ്ങൾ തൊട്ടുള്ള കുടിശ്ശിക വാട്ടർ അതോറിറ്റി കുറവ് ചെയ്യാതെ ഡിമാന്റ് നോട്ടീസ് നൽകുന്നതിനാലാണ് കുടിശ്ശിക ഉണ്ടായിട്ടുള്ളതെന്നും സെക്രട്ടറി മറുപടിയിൽ രേഖപ്പെടുത്തിയിരിക്കുന്നു. വാട്ടർ അതോറിറ്റിയിൽ അടവാക്കുന്ന തുകയ്ക്ക് രസീത് ലഭ്യമാക്കുന്നില്ലെന്നും മറുപടിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത വിഷയം കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ ഉൾപ്പെടെയുള്ള ഉന്നതോദ്യോഗസ്ഥരുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതും പിഴപ്പലിശ അടവാക്കുന്ന സാഹചര്യം ഒഴിവാക്കേണ്ടതുമാണ്.

## 1-22 IKM ന് വിഹിതം നൽകൽ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല- 1,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നമ്പർ | 13/24-25 |
| പ്രോജക്ടിന്റെ പേര് | ഐ.കെ.എം. വിഹിതം നൽകൽ |
| അടങ്കൽ | 1,00,000/- |
| ചെലവ് | 1,00,000/- |
| ബിൽ നമ്പർ | 94/03-10-2024 |
| ഫണ്ടിനം | വികസന ഫണ്ട്- ജനറൽ |
| നിർവ്വഹണം | സെക്രട്ടറി |

ഗ്രാമപഞ്ചായത്തുകളിൽ ഇ-ഗവേർണൻസ് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി ഐ.കെ.എം. ന് ഇടവ ഗ്രാമപഞ്ചായത്ത് വിഹിതമായി 1,00,000/- രൂപ അടവാക്കുന്നതിനായാണ് പ്രോജക്ട് ആവിഷ്കരിച്ചത്. ഐ.കെ.എം അഡ്മിനിസ്ട്രേറ്റീവ് കൺട്രോളറുടെ 13-06-2024 ലെ 2128/A7/ഐ.കെ.എം/2024 നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ മേൽ പരാമർശിക്കും പ്രകാരം ഐ.കെ.എമ്മിന് വിഹിതം കൈമാറിയെങ്കിലും വിനിയോഗ സാക്ഷ്യപത്രം നാളിതുവരെ ലഭ്യമായിട്ടില്ല. വിശദാംശം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (21-06-2025) IKM ൽ നിന്നും വിനിയോഗ സാക്ഷ്യപത്രം IKM Generate ചെയ്യുന്ന മുറയ്ക്ക് ലഭ്യമാക്കാമെന്ന് സെക്രട്ടറി മറുപടി നൽകി. പ്രസ്തുത വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. അതുവരെ 1,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-23 കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ മോണിട്ടറിംഗ് നടത്തിയിട്ടില്ല

സ.ഉ(കൈ)നം. 84/2022/ത.സ്വ.ഭ.വ/തീ. 19-04-2022 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗരേഖയിലെ ഖ. 14.1 പ്രകാരം പ്രോജക്ട് മോണിറ്ററിംഗ് അതത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണ്. അതിനായി പദ്ധതി രൂപീകരണത്തിന് ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കണം. മോണിറ്ററിംഗ് കമ്മിറ്റികൾ പദ്ധതി നിർവ്വഹണം പരിശോധിച്ച് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണ സമിതിയ്ക്കും നൽകേണ്ടതുമാണ്.

2024-25 സാമ്പത്തിക വർഷത്തിൽ കൃഷി ഓഫീസർ നടപ്പിലാക്കിയിട്ടുള്ള വിവിധ പദ്ധതികൾ സംബന്ധമായ ഫയലുകളിൽ ഒന്നിലും മോണിറ്ററിംഗ് റിപ്പോർട്ട് ഉൾപ്പെട്ടിട്ടില്ല. കൂടാതെ ഭൂരിഭാഗം പ്രവൃത്തികളും സാമ്പത്തിക വർഷാവസാനം മാത്രം ആരംഭിച്ചതിനാലും മോണിറ്ററിംഗ് റിപ്പോർട്ടിന്റെ അഭാവത്തിലും പ്രോജക്ടുകളുടെ ഫലപ്രാപ്തി ഉറപ്പ് വരുത്താൻ സാധിക്കുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.49/26-06-2025) മോണിട്ടറിംഗ് നടത്തിയെന്നും എന്നാൽ റിപ്പോർട്ട് ഉള്ളടക്കം ചെയ്യാൻ വിട്ടുപോയെന്നും കൃഷ ഓഫീസർ മറുപടി നൽകി. പ്രസ്തുത മറുപടി പരിഗണനാർഹമല്ല. മോണിട്ടറിംഗ് ഫലപ്രദമായി നടത്തേണ്ടതും റിപ്പോർട്ട് ഫയലിൽ ഉൾപ്പെടുത്തേണ്ടതുമാണ്.

## 1-24 അങ്കണവാടിക്ക് ആവശ്യമായ പാത്രങ്ങൾ വാങ്ങൽ - അപാകങ്ങൾ

| | |
|---|---|
| പ്രോജക്ട് നം., പേര് | 107/25<br>അങ്കണവാടിക്ക് ആവശ്യമായ പാത്രങ്ങൾ വാങ്ങൽ (വികസന ഫണ്ട്) |
| അടങ്കൽ തുക | രൂ.1,00,000/- |
| ചെലവ് തുക | രൂ.96,030/- |
| നിർവഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| ബിൽ നം./തീയതി | 589/16.03.2025, രൂ.96,030/- |

അങ്കണവാടികൾക്ക് പാചകത്തിനായി പാത്രങ്ങൾ വാങ്ങി നല്കുന്നതിനാണ് പദ്ധതി രൂപീകരിച്ചത്. പദ്ധതി പ്രകാരം സാധനങ്ങൾ വാങ്ങുന്നതിന് ക്വട്ടേഷൻ സ്വീകരിച്ചെങ്കിലും ക്വട്ടേഷനിൽ വാങ്ങേണ്ട സാധനങ്ങളുടെ സ്പെസിഫിക്കേഷൻ രേഖപ്പെടുത്തിയിട്ടില്ല. സ്റ്റീൽ പാത്രം, ഉരുളി, കുക്കർ എന്നീ സാധനങ്ങൾ വാങ്ങുന്നതിനാണ് ക്വട്ടേഷനുകൾ ക്ഷണിച്ചിരുന്നത്. മൂന്ന് സ്ഥാപനങ്ങൾ ക്വട്ടേഷൻ സമർപ്പിച്ചിരുന്നു. ഇവയിൽ ഏറ്റവും കുറഞ്ഞ തുക കോട്ട് ചെയ്ത യൂണിവേഴ്സൽ നോൺ മെഡിക്കൽ ഡിസ്ട്രിബ്യൂഷൻ ഏജൻസി സമർപ്പിച്ച ക്വട്ടേഷൻ അംഗീകരിച്ച് സാധനങ്ങൾ വാങ്ങി. Blue Berry Stainless Steel Cooker 5 Litre-ന് നികുതി ഉൾപ്പെടെ 3,865/- രൂപയാണ് കോട്ട് ചെയ്തിരുന്നത്. 15 കുക്കറുകൾ 3,865/- രൂപ നിരക്കിൽ 57,975/- രൂപ ആയെങ്കിലും 57,915/- രൂപയ്ക്ക് നല്കിയിട്ടുണ്ട്. വാങ്ങലുകളുമായി ബന്ധപ്പെട്ട് പ്രൊക്യൂർമെന്റ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെങ്കിലും വാങ്ങിയ സാധനങ്ങളുടെ ഗുണനിലവാരം പ്രൊക്യൂർമെന്റ് കമ്മിറ്റി പരിശോധിച്ച് ഉറപ്പാക്കിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. മാത്രമല്ല, വിപണിയിൽ നിലവിലുള്ള മുൻനിര ബ്രാൻഡഡ് സാധനങ്ങളുടെ വിലയേക്കാളും കൂടിയ നിരക്കിലാണ് കുക്കറിന് വില ഈടാക്കിയിട്ടുള്ളത്.

മേൽ സൂചിപ്പിച്ചിട്ടുള്ള അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 43/25.06.2025) പ്രീമിയം ക്വാളിറ്റി, ഐ.എസ്.ഒ. മാർക്ക്, 5 വർഷ വാറന്റി എന്നിവ നോക്കിയാണ് കുക്കർ സെലക്ട് ചെയ്തതെന്നും ഗുണനിലവാര സാക്ഷ്യപത്രം വാങ്ങിയിട്ടില്ല എന്നും വരും വർഷങ്ങളിൽ ഇക്കാര്യങ്ങൾ ശ്രദ്ധിക്കുന്നതാണെന്നും മറുപടി നല്കി.

പദ്ധതികൾക്കായി ക്വട്ടേഷൻ ക്ഷണിക്കുമ്പോൾ കൃത്യമായ സ്പെസിഫിക്കേഷൻ ഉൾപ്പെടുത്തേണ്ടതും മത്സരാധിഷ്ഠിത ക്വട്ടേഷനുകളിലൂടെ ന്യായമായ വിലയാണ് കോട്ട് ചെയ്തിരിക്കുന്നത് എന്ന് ഉറപ്പാക്കേണ്ടതും ഗുണനിലവാരം പരിശോധിച്ച് ഉറപ്പിച്ച ശേഷം മാത്രം വാങ്ങലുകൾ നടത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-25 ലൈഫ് ഭവന പദ്ധതി - ഗുണഭോക്താക്കൾ പണി പൂർത്തീകരിച്ചിട്ടില്ല

1)

| | |
|---|---|
| പ്രോജക്ട് നം.പേര് | S0 50/25 ) ലൈഫ് - ഭൂമിയുള്ള ഭവന രഹിതർക്ക് വീട് (ജനറൽ) |
| അടങ്കൽ തുക | രൂ.32,00,000/-<br>വികസന ഫണ്ട് – രൂ.950000/- |

| | |
|---|---|
| | സംസ്ഥാനാവിഷ്കൃത ഫണ്ട് – രൂ.700000<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം – രൂ.300000/-<br>ജില്ലാ പഞ്ചായത്ത് വിഹിതം – രൂ.150000/-<br>മറ്റുള്ളവ – രൂ.1100000/- |
| ചെലവ് തുക | വികസന ഫണ്ട് – രൂ.950000/-<br>സംസ്ഥാനാവിഷ്കൃത ഫണ്ട് – രൂ.610000/-<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം – 0<br>ജില്ലാ പഞ്ചായത്ത് വിഹിതം - 0<br>മറ്റുള്ളവ – രൂ.1060000/- |
| നിർവഹണോദ്യോഗസ്ഥൻ | വി. ഇ. ഒ. |

2)

| | |
|---|---|
| പ്രോജക്ട് നം./പേര് | S0 55/25 - ലൈഫ് - ഭൂമിയുള്ള ഭവന രഹിതർക്ക് വീട് (എസ്. സി. പി.) |
| അടങ്കൽ തുക | രൂ.32,00,000/-<br>വികസന ഫണ്ട് – രൂ.400000/-,<br>സംസ്ഥാനാവിഷ്കൃത ഫണ്ട് - രൂ.800000<br>വികസന ഫണ്ട് (എസ്. സി. പി.) – രൂ.100000/-,<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം - രൂ.500000/-<br>ജില്ലാ പഞ്ചായത്ത് വിഹിതം – രൂ.200000/-<br>മറ്റുള്ളവ – രൂ.1200000/- |
| ചെലവ് തുക | രൂ.6,10,000/-<br>വികസന ഫണ്ട് – ജനറൽ – രൂ.280000/-<br>വികസന ഫണ്ട് (എസ്. സി. പി.) – രൂ.100000/-<br>സംസ്ഥാനാവിഷ്കൃത ഫണ്ട് - രൂ.10000/-<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം - 0<br>ജില്ലാ പഞ്ചായത്ത് വിഹിതം – 0<br>മറ്റുള്ളവ – രൂ.220000/- |
| നിർവഹണോദ്യോഗസ്ഥൻ | വി. ഇ. ഒ. |

ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെട്ട ജനറൽ, പട്ടികജാതി ഗുണഭോക്താക്കൾക്ക് വീട് നിർമ്മിക്കുന്നതിന് ആനുകൂല്യം നല്കുന്നതിനാണ് പദ്ധതി രൂപീകരിച്ചത്, എന്നാൽ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ നാളിതുവരെ തുക പൂർണ്ണമായും കൈപ്പറ്റി പണി പൂർത്തീകരിച്ചിട്ടില്ല. വിശദാംശം ചുവടെ -

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | ആകെ കൈപ്പറ്റിയ തുക (രൂ.) | തുക കൈപ്പറ്റിയ തീയതി | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1 | ലത്തീഫ (ജനറൽ) | 40000 | 12.12.22 | ബേസ്മെന്റ് പൂർത്തിയായി |
| | | 160000 | 11.1.23 | ലിന്റൽ പൂർത്തിയായി |
| 2 | ഷൈനി (എസ്. സി. പി.) | 40000 | 18.12.21 | |
| | | 100000 | 31.1.22 | |
| | | 120000 | 27.3.22 | |
| 3 | ശാന്തി (എസ്. സി. പി.) | 40000 | 18.12.21 | കോൺക്രീറ്റ് കഴിഞ്ഞു |
| | | 100000 | 31.1.22 | |
| | | 120000 | 27.3.22 | |
| | | 60000 | 11.10.22 | |
| 4 | അനിത ബി. (എസ്. സി. പി.) | 40000 | 19.5.23 | ബേസ്മെന്റ് പൂർത്തിയായി |
| | | 160000 | 18.11.23 | |

| | | | | |
|---|---|---|---|---|
| 5 | റീജ (എസ്. സി. പി.) | 40000 | 19.5.23 | ബേസ്മെന്റ് |
| | | 160000 | 18.11.23 | പൂർത്തിയായി |

മേൽ സൂചിപ്പിച്ച ഗുണഭോക്താക്കൾ തുക പൂർണ്ണമായും കൈപ്പറ്റി ഭവന നിർമ്മാണം പൂർത്തീകരിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 27/23.6.25) അടുത്ത ഗഡുക്കൾ കൈപ്പറ്റി പണി പൂർത്തീകരിക്കാനാവശ്യപ്പെട്ട് നിരവധി തവണ ഗുണഭോക്താക്കൾക്ക് കത്ത് നല്കിയെങ്കിലും ഗുണഭോക്താക്കൾ പണി പൂർത്തീകരിച്ചിട്ടില്ല എന്നും പഞ്ചായത്ത് കമ്മിറ്റിയിൽ വിഷയം ചർച്ച ചെയ്ത് തുടർ നടപടി വിവരം അറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി.

ഗുണഭോക്താക്കളെ കൊണ്ട് പണി പൂർത്തീകരിക്കാൻ സ്വീകരിച്ച തുടർ നടപടി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-26 അങ്കണവാടി ഭൗതിക സാഹചര്യം - അവലോകനം

അങ്കണവാടികളുടെ ഭൗതിക സാഹചര്യം സംബന്ധിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വിഷയം | എണ്ണം |
|---|---|---|
| 1 | പഞ്ചായത്തിലെ അങ്കണവാടികളുടെ എണ്ണം | 25 |
| 2 | സ്വന്തമായി കെട്ടിടം ഇല്ലാത്തവ | 12 |
| 3 | വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | 12 |
| 4 | സ്വന്തമായി സ്ഥലം ഉണ്ടായിട്ടും കെട്ടിടം ഇല്ലാത്തവ | 2 |
| 5 | ചുറ്റുമതിൽ ഇല്ലാത്തവ | 6 |
| 6 | കുടിവെള്ള സൗകര്യം, ജലസംഭരണി എന്നിവ ഇല്ലാത്തവ | ഇല്ല |
| 7 | ഫിറ്റ്നസ് ഇല്ലാതെ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ എണ്ണം | ഇല്ല |

അങ്കണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്താനുതകുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതും സ്വന്തമായി സ്ഥലം ഉണ്ടായിട്ടും കെട്ടിടം ഇല്ലാത്തവയ്ക്ക് കെട്ടിടം നിർമ്മിക്കാൻ ആവശ്യമായ ഫണ്ട് കണ്ടെത്തി അങ്കണവാടികളുടെ നിലവിലെ സ്ഥിതി മെച്ചപ്പെടുത്താൻ ശ്രമിക്കേണ്ടതുമാണ്.

## 1-27 കുട്ടികളുടെ പാർക്ക് നവീകരണം - പ്രവൃത്തി പൂർത്തിയായില്ല - 60,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നമ്പർ | 91/25 |
| പ്രോജക്ടിന്റെ പേര് | കുട്ടികളുടെ പാർക്ക് നവീകരണം |
| അടങ്കൽ | രൂ.60000/- |
| ചെലവ് | രൂ.60000/- |
| ഫണ്ടിനം | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ബിൽ നമ്പർ | 729/26-03-2025 |
| നിർവ്വഹണം | ഹെഡ്മിസ്ട്രസ് |

കുട്ടികളുടെ പാർക്കിൽ തകരാറുള്ള ഉപകരണങ്ങൾ നന്നാക്കുന്നതിനും പുതിയവ വാങ്ങുന്നതിനുമായാണ് പ്രോജക്ട് തയ്യാറാക്കിയത്. ശ്രീ. ഷാനവാസ്, എം.ആർ.എസ്, മൻസിൽ, എം.കെ. നഗർ, തോന്നയ്ക്കൽ പി. ഒ. എന്ന വ്യക്തി ഹാജരാക്കിയ വിവിധ ബില്ലുകൾ പ്രകാരം പ്രോജക്ട് തുക കൈമാറുകയാണ് ചെയ്തിരിക്കുന്നത്. പ്രസ്തുത പ്രോജക്ടിന്റെ നിർവ്വഹണത്തിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

എ) പദ്ധതിക്കായി ടെണ്ടർ/ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.
ബി) പ്രോജക്ട് പ്രകാരം പുതുതായി വാങ്ങേണ്ടവ, അറ്റകുറ്റപ്പണി നടത്തേണ്ടവ എന്നിവ സംബന്ധിച്ച വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല

സി) ശ്രീ. ഷാനവാസ് സമർപ്പിച്ച ക്വട്ടേഷന് പഞ്ചായത്ത് ഭരണ സമിതി അംഗീകാരം (പഞ്ചായത്ത് കമ്മിറ്റി തീരുമാനം) നൽകിയിട്ടില്ല.

ഡി) കരാറുകാരന് സെലക്ഷൻ നോട്ടീസ് നൽകിയിട്ടില്ല.

ഇ) ശ്രീ. ഷാനവാസുമായി നിർവ്വഹണോദ്യോഗസ്ഥ പ്രോജക്ടിന്റെ നിർവ്വഹണം സംബന്ധിച്ച് കരാർ ചമച്ചിട്ടില്ല.

എഫ്) പ്രവൃത്തി പൂർത്തീകരിച്ചതായി ഫയലിൽ രേഖപ്പെടുത്തലില്ല.

ജി) പ്രോജക്ടിന്റെ മോണിട്ടറിംഗ് കമ്മിറ്റി റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

എച്ച്) കരാറുകാരന് നൽകിയ ബില്ലിൽ നിന്നും 1961ലെ ഇൻകം ടാക്സ് ആക്ട് സെക്ഷൻ 194 (സി) അനുശാസിക്കും പ്രകാരമുള്ള ആദായ നികുതി ഈടാക്കിയില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.06/20.06.2025) സാമ്പത്തിക വർഷാവസാനമാണ് പ്രോജക്ട് നിർവ്വഹണത്തിന് ലഭിച്ചതെന്നും ഇക്കാരണത്താൽ പ്രോജക്ട് നിർവ്വഹണത്തിന്റെ സാങ്കേതിക വശങ്ങൾ പാലിക്കാൻ സാധിച്ചില്ലെന്നും ഭരണ സമിതിയേയും കരാറുകാരനെയും വിശ്വാസത്തിലെടുത്ത് പ്രോജക്ട് നിർവ്വഹണം നടത്തുക ആയിരുന്നു എന്നും നിർവ്വഹണോദ്യോഗസ്ഥയായ ഹെഡ്മിസ്ട്രസ് മറുപടി നൽകി. പ്രസ്തുത മറുപടി പരിഗണനാർഹമല്ല. അപാകങ്ങൾക്ക് തൃപ്തികരമായ വിശദീകരണം, രേഖകൾ എന്നിവ ഹാജരാക്കേണ്ടതും പ്രോജക്ട് പൂർത്തിയാക്കി നിർവ്വഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. അതുവരെ 60,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-28 സ്കൂൾ വാതിലുകളുടെയും ജനലുകളുടെയും ഫിറ്റിംഗുകളുടെയും അറ്റകുറ്റപ്പണി - 20,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നമ്പർ | 89/24-25 |
| പ്രോജക്ടിന്റെ പേര് | സ്കൂൾ വാതിലുകളുടെയും ജനലുകളുടെയും ഫിറ്റിംഗുകളുടെയും അറ്റകുറ്റപ്പണി |
| അടങ്കൽ | രൂ.20000/- |
| ചെലവ് | രൂ.20000/- |
| ഫണ്ടിനം | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ബിൽ നമ്പർ | 730/26.03.2025 |
| നിർവ്വഹണം | ഹെഡ്മിസ്ട്രസ് |

സ്ക്കൂളിൽ ശുദ്ധ ജല ലഭ്യതയും സുരക്ഷിത പഠനവും ഉറപ്പാക്കാൻ വേണ്ടിയാണ് പ്രസ്തുത പ്രോജ്ക്ട് തയ്യാറാക്കിയത്. പ്രസ്തുത പ്രോജക്ട് പ്രകാരം ശ്രീ. ഷാനവാസ്, എം.ആർ.എസ്, മൻസിൽ, എം. കെ. നഗർ, തോന്നയ്ക്കൽ പി. ഒ. എന്ന വ്യക്തി ഹാജരാക്കിയ വിവിധ ബില്ലുകൾ പ്രകാരം പ്രോജക്ട് തുക കൈമാറുകയാണ് ചെയ്തിരിക്കുന്നത്. പ്രസ്തുത പ്രോജക്ടിന്റെ നിർവ്വഹണത്തിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

എ) പ്രോജക്ട് പ്രകാരം പുതുതായി വാങ്ങേണ്ടവ, അറ്റകുറ്റപ്പണി നടത്തേണ്ടവ എന്നിവ സംബന്ധിച്ച വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല

ബി) ശ്രീ. ഷാനവാസ് സമർപ്പിച്ച ക്വട്ടേഷന് പഞ്ചായത്ത് ഭരണ സമിതി അംഗീകാരം (പഞ്ചായത്ത് കമ്മിറ്റി തീരുമാനം) നൽകിയിട്ടില്ല.

സി) കരാറുകാരന് സെലക്ഷൻ നോട്ടീസ് നൽകിയിട്ടില്ല.

ഡി) ശ്രീ. ഷാനവാസുമായി നിർവ്വഹണോദ്യോഗസ്ഥ പ്രോജക്ടിന്റെ നിർവ്വഹണം സംബന്ധിച്ച് കരാർ ചമച്ചിട്ടില്ല.

ഇ) കരാറുകാരന് മുഴുവൻ തുകയും നൽകിയെങ്കിലും പ്രവൃത്തി പൂർത്തീകരിച്ചതായി ഫയലിൽ രേഖപ്പെടുത്തലില്ല.

എഫ്) പ്രോജക്ടിന്റെ മോണിട്ടറിംഗ് കമ്മിറ്റി റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

ജി) പ്രവൃത്തിക്ക് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുകയോ സാങ്കേതികാനുമതി ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. കൂടാതെ പ്രവൃത്തിയുടെ മൂല്യനിർണ്ണയവും നടത്തിയിട്ടില്ല.

മേൽ അപാകതകളിന്മേൽ വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.07/20.06.2025) സാമ്പത്തിക വർഷം അവസാനിക്കാറായപ്പോഴാണ് പ്രോജക്ട് നിർവ്വഹണം നടത്താൻ അവസരം ലഭിച്ചതെന്നും ഇക്കാരണത്താൽ നിർവ്വഹണത്തിന്റെ സാങ്കേതിക വശങ്ങളിൽ ശ്രദ്ധിക്കാൻ സാധിച്ചില്ലെന്നും നിർവ്വഹണോദ്യോഗസ്ഥ മറുപടി നൽകി. പ്രസ്തുത മറുപടി പരിഗണനാർഹമല്ല. പ്രോജക്ട് പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. കൂടാതെ സ്ക്കൂളിലെ മരാമത്ത് പണി സംബന്ധിച്ച് പ്രോജക്ട് നിർവഹണം അസി. എഞ്ചിനീയർക്ക് നൽകുന്നതിന് പകരം ഹെഡ്മിസ്ട്രസിനെ ഏൽപ്പിച്ചതിന്, പഞ്ചായത്ത് ഭരണ സമിതി വിശദീകരണം നൽകേണ്ടതാണ്. 20,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-29 ഹോംകോയിൽ നിന്നും മരുന്നുകൾ ലഭ്യമായില്ല - 1,38,190/- രൂപയുടെ

## ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 05/24-25 |
| പ്രോജക്റ്റിന്റെ പേര് | ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | രൂ.250000/- |
| ചെലവ് | രൂ.250000/- |
| ഫണ്ടിനം | മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ് |
| ബിൽ നമ്പർ | 354/26.01.2025 |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ, ഹോമിയോ |

ഇടവ ഗ്രാമപഞ്ചായത്തിലെ ഗവ. ഹോമിയോ ഡിസ്പൻസറിക്ക് ഹോംകോയിൽ നിന്നും നേരിട്ട് മരുന്ന് വാങ്ങുന്നതിനായി ജില്ല മെഡിക്കൽ ഓഫീസറിൽ (ഹോമിയോപ്പതി) നിന്നും നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങിയതിന് ശേഷം ഹോംകോയ്ക്ക് ഇൻഡെന്റ് നൽകി പ്രോഫോർമ ഇൻവോയ്സ് ലഭ്യമാക്കി തുക കൈമാറി മരുന്ന് ലഭ്യമാക്കുന്നതിനാണ് പ്രോജക്റ്റ് വിഭാവനം ചെയ്തിരുന്നത്. പ്രോജക്റ്റ് ഫയലിൽ ഉള്ളടക്കം ചെയ്തിട്ടുള്ള ബില്ലുകൾ, സ്റ്റോക്ക് രജിസ്റ്റർ എന്നിവയുടെ പരിശോധനയിൽ 1,11,810/- രൂപയുടെ മരുന്നുകൾ മാത്രമാണ് നാളിതുവരെ ലഭ്യമായിട്ടുള്ളതെന്ന് കാണുന്നു. ബാക്കിയുള്ള മരുന്നുകൾ ലഭ്യമാക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10/20.06.2025) 1,38,190/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 13.06.2025ന് കത്തയച്ചിട്ടുണ്ടെന്നും മരുന്നുകൾ ഉടൻ ലഭ്യമാക്കുന്നതാണെന്ന് ഹോംകോ മറുപടി നൽകി. മരുന്നുകൾ ലഭ്യമാകുന്നതുവരെ വിലയായ 1,38,190/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-30 പാഥേയം വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല - 1,74,840/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

1)

| | | |
|---|---|---|
| പ്രോജക്റ്റ് നമ്പർ | 10 | |
| പ്രോജക്റ്റിന്റെ പേര് | പാഥേയം എസ്. സി. | |
| ഫണ്ടിനം | വികസന ഫണ്ട് ജനറൽ, വികസന ഫണ്ട്, എസ്.സി,<br>ജില്ലാ പഞ്ചായത്ത് വിഹിതം | |
| അടങ്കൽ | രൂ.100978 | വികസന ഫണ്ട്- ജനറൽ |
| | രൂ.30240 | വികസന ഫണ്ട്- എസ്.സി |
| | രൂ.43800 | ജില്ല പഞ്ചായത്ത് വിഹിതം |
| | രൂ.175018 | |
| ചെലവ് | രൂ.87600 | വികസന ഫണ്ട്- ജനറൽ |
| ബിൽ നമ്പർ | 699/24-03-2025 | |
| നിർവ്വഹണം | അസി. സെക്രട്ടറി | |

2)

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 127 |
| പ്രോജക്റ്റിന്റെ പേര് | പാഥേയം - പട്ടികജാതി വിഭാഗം |
| ഫണ്ടിനം | വികസന ഫണ്ട് - എസ്.സി.പി |
| അടങ്കൽ | രൂ.70272/- |
| ചെലവ് | രൂ.69792/- |
| ബിൽ നമ്പർ | 530/10-03-2025 |
| നിർവ്വഹണം | അസി. സെക്രട്ടറി |

3)

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 126 |
| പ്രോജക്റ്റിന്റെ പേര് | പാഥേയം ജനറൽ (സ്പിൽ ഓവർ) |
| ഫണ്ടിനം | വികസന ഫണ്ട് - ജനറൽ |
| അടങ്കൽ | രൂ.17568/- |

| | |
|---|---|
| ചെലവ് | രൂ.2848/- |
| ബിൽ നമ്പർ | 531/10-03-2025 |
| നിർവ്വഹണം | അസി. സെക്രട്ടറി |

4)

| | |
|---|---|
| പ്രോജക്ട് നമ്പർ | 9 |
| പ്രോജക്ടിന്റെ പേര് | പാഥേയം – ജനറൽ |
| ഫണ്ടിനം | വികസന ഫണ്ട് – ജനറൽ |
| അടങ്കൽ | രൂ.26280/- |
| ചെലവ് | രൂ.14600/- |
| ബിൽ നമ്പർ | 698/24-03-2025 |
| നിർവ്വഹണം | അസി. സെക്രട്ടറി |

ഇടവ ഗ്രാമപഞ്ചായത്തിലെ അഗതികളും 60 വയസ്സിന് മുകളിൽ പ്രായമുള്ളവരുമായ ഒരു നേരത്തെ ഭക്ഷണം ലഭിക്കാത്ത വൃദ്ധ ജനങ്ങൾക്ക് കുടുംബശ്രീ വഴി ഒരു നേരത്തെ ആഹാരം നൽകുന്നതിന് ജില്ല പഞ്ചായത്തിന് വിഹിതം കൈമാറുന്നതിനാണ് മേൽ പ്രോജക്ടുകൾ നടപ്പിലാക്കിയത്.

**<u>ക്രമ നമ്പർ 1 & 4</u>**

ജില്ലാ പഞ്ചായത്തിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം വാങ്ങി ഫയലിൽ സൂക്ഷിച്ചിട്ടില്ല. പ്രസ്തുത പ്രോജക്ടിലേക്കുള്ള ഗുണഭോക്താക്കളുടെ ലിസ്റ്റിന് തൊട്ടടുത്ത ഗ്രാമസഭയിൽ വച്ച് സാധൂകരണം തേടേണ്ടതാണെന്ന് 13-11-2024ൽ ചേർന്ന പഞ്ചായത്ത് ഭരണ സമിതി യോഗം 2 നമ്പർ തീരുമാനപ്രകാരം ഗ്രാമസഭ കൺവീനർമാരെ ചുതമലപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം ഗുണഭോക്താക്കൾക്ക് സാധുകരണം നൽകിയതിന്റെ വിശദാംശം ഫയലിൽ ലഭ്യമല്ല.

**<u>ക്രമ നമ്പർ 2 & 3</u>**

ജില്ല പഞ്ചായത്തിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം വാങ്ങി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മേൽ പ്രോജക്ടുകൾ പ്രകാരമുള്ള തുകകൾ ജില്ല പഞ്ചായത്ത് കുടുംബശ്രീ മെമ്പർ സെക്രട്ടറിക്ക് കൈമാറിയിട്ടുണ്ടെന്നും അവിടെ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്ന മുറയ്ക്ക് ഓഡിറ്റിന് ലഭ്യമാക്കുന്നതാണെന്നും അസി. സെക്രട്ടറി മറുപടി നൽകി. പ്രസ്തുത വിനിയോഗ സാക്ഷ്യപത്രങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. പ്രസ്തുത പ്രോജക്ടുകൾ പ്രകാരം ചെലവഴിച്ച 1,74,840/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## <u>1-31 കുടുംബശ്രീ സംരംഭങ്ങൾക്ക് സബ്സിഡി നൽകൽ - സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിച്ചിട്ടില്ല</u>

| | | |
|---|---|---|
| പദ്ധതിയുടെ പേര് | കുടംബശ്രീ യൂണിറ്റുകൾക്ക് സംരംഭത്തിന് സബ്സിഡി | |
| പദ്ധതി നമ്പർ | 266/24-25 | |
| പദ്ധതി അടങ്കൽ | രൂ.300000 | വികസന ഫണ്ട് - ജനറൽ |
| | രൂ.100000 | മറ്റുള്ളവ |
| | ആകെ രൂ.400000 | |
| പദ്ധതി ചെലവ് | രൂ.300000 | വികസന ഫണ്ട് - ജനറൽ |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി | |
| ബിൽ നമ്പർ | 734/26-03-2025 | |

സ്വയം തൊഴിലിലൂടെ വരുമാനം കണ്ടെത്താനാഗ്രഹിക്കുന്ന വനിതകളെ സഹായിക്കുന്നതിനായാണ് പ്രോജക്ട് തയ്യാറാക്കിയത്. പ്രസ്തുത പ്രോജക്ട് പ്രകാരം കുടുംശ്രീ മിഷനിൽ 13-02-2025 രജിസ്റ്റർ ചെയ്ത Ms/- കാവേരി ഫുഡ്സ് എന്ന സ്ഥാപനത്തിൽ മേൽ പട്ടികയിൽ വിവരിക്കും പ്രകാം 3,00,000/- രൂപ സബ്സിഡി നൽകിയിട്ടുണ്ട്. പ്രോജക്ടിന്റെ നിർവ്വഹണത്തിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

എ) നിലവിൽ ആരംഭിച്ചത് ഫുഡ് പ്രോസസിംഗ് യൂണിറ്റ് ആണ്. സബ്സിഡി മാർഗ്ഗരേഖ, ഖണ്ഡിക 6-5-20 പ്രകാരം അത്തരം യൂണിറ്റുകൾ FSSAI നിയമം പ്രകാരമുള്ള നിബന്ധനകൾ പാലിക്കേണ്ടതാണ്. ഇക്കാര്യം ഉറപ്പ് വരുത്തുന്ന ഒരു സാക്ഷ്യപത്രം ഫയലിൽ ഇല്ല.

ബി) നിലവിലെ പ്രവർത്തനം സംബന്ധിച്ച റിപ്പോർട്ട്, പദ്ധതിയുടെ മോണിട്ടറിംഗ് റിപ്പോർട്ട് എന്നിവ ഫയലിൽ ഇല്ല.

സി) സംരംഭം സബ്സിഡിയ്ക്കായി സമർപ്പിച്ച അപേക്ഷ ഫയലിൽ ഇല്ല. കുടുംബശ്രീ ജില്ല മിഷനിലെ

മൈക്രോ എന്റർപ്രൈസ് കൺസൾട്ടന്റ് തയ്യാറാക്കിയ ബിസിനസ് പ്ലാനിൽ മാത്രമാണ് സംരംഭത്തിന്റെ മൂലധനം സംബന്ധിച്ച രേഖപ്പെടുത്തൽ ഉള്ളത്.

ഡി) പ്രസ്തുത യൂണിറ്റിനെ ഗുണഭോക്താവായി തെരഞ്ഞെടുത്ത പഞ്ചായത്ത് കമ്മിറ്റി തീരുമാനം, ഗ്രാമസഭ തീരുമാനം എന്നിവ ഫയലിൽ ഉള്ളടക്കം ചെയ്തിട്ടില്ല.

മേൽ അപാകതയിന്മേൽ വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.44/25-06-2025) FSSAI രജിസ്ട്രേഷൻ, നിലവിലെ പ്രവർത്തന റിപ്പോർട്ട്, മോണിട്ടറിംഗ് കമ്മിറ്റി റിപ്പോർട്ട് എന്നിവ ലഭ്യമാക്കുന്നതാണെന്ന് നിർവ്വഹണോദ്യോഗസ്ഥ മറുപടി നൽകി. കൂടാതെ പ്രോജക്ട് രൂപീകരിച്ചതിന് ശേഷം പിന്നീട് ഗ്രാമസഭ ചേർന്നില്ലെന്നും ഇനി നടക്കുന്ന ഗ്രാമസഭയിൽ വച്ച് അംഗീകാരം തേടുന്നതാണെന്നും മറുപടിയിൽ രേഖപ്പെടുത്തിയിരിക്കുന്നു. ആയവ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-32 കാർഷിക കർമ്മസേനയ്ക്ക് റിവോൾവിംഗ് ഫണ്ട് - തിരിച്ചടവ് വിവരം ഉറപ്പ് വരുത്തേണ്ടതാണ്

| | |
|---|---|
| പ്രോജക്ട് നമ്പർ | 235/2024-25 |
| പ്രോജക്ടിന്റെ പേര് | കാർഷിക കർമ്മസേനയ്ക്ക് റിവോൾവിംഗ് ഫണ്ട് |
| അടങ്കൽ | രൂ.100000/- |
| ചെലവ് | രൂ.100000/- |
| ബിൽ നമ്പർ | 549/11-03-2025 |
| ഫണ്ടിനം | വികസന ഫണ്ട് - ജനറൽ |
| നിർവ്വഹണം | കൃഷി ഓഫീസർ |

കാർഷിക കർമ്മസേനയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ഗുണമേന്മയുള്ള കാർഷിക സേവനങ്ങൾ നൽകുന്നതിനുമായാണ് പ്രോജക്ട് ആവിഷ്കരിച്ചത്. കാർഷിക കർമ്മസേന ഭാരവാഹികൾ കൃഷി ഓഫീസർക്ക് അപേക്ഷ നൽകുന്ന മുറയ്ക്ക് ഭാരവാഹികളും കൃഷി ഓഫീസറും ചേർന്ന് പദ്ധതി വ്യവസ്ഥകൾ ചേർത്ത് എഗ്രിമെന്റ് ചമയ്ക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഭാരവാഹികളുടെയും കൃഷി ഓഫീസറുടെയും ജോയിന്റ് അക്കൌണ്ടിൽ റിവോൾവിംഗ് ഫണ്ട് നിക്ഷേപിക്കുകയും ചെയ്യുന്നതാണ് നിർവ്വഹണ രീതി. സ്വീകരിച്ച ഫണ്ട് പ്രസ്തുത പ്രവർത്തനങ്ങൾക്ക് ശേഷം വർഷാവസാനം തിരികെ നിക്ഷേപിക്കേണ്ടതും അടുത്ത വർഷത്തേയ്ക്ക് റിവോൾവ് ചെയ്യേണ്ടതുമാണ് (സ.ഉ./115/2022/തസ്വഭവ. തീയതി 28-05-2022, ഖണ്ഡിക 44). മേൽ പ്രോജക്ട് പ്രകാരം കാർഷിക കർമ്മസേനയുമായി (രജി. നമ്പർ TVM/TC/733/2014) കരാർ ചമയ്ക്കുകയും തുക ജോയിന്റ് അക്കൗണ്ടിലേക്ക് (അക്കൗണ്ട് നമ്പർ 38287250167, SBI Edava, IFSC SBIN0071068) ഡെപ്പോസിറ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത തുകയുടെ തിരിച്ചടവ് വിവരം ഉറപ്പ് വരുത്തേണ്ടതും തുടർ വർഷങ്ങളിൽ ആയതിന്റെ വിനിയോഗം ഉറപ്പ് വരുത്തേണ്ടതുമാണ്. തുടർ നടപടി വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-33 കരാർ ചമയ്ക്കാൻ കാലതാമസം വരുത്തിയ കരാറുകാരനിൽ നിന്നും പിഴ - 34,719/- രൂപ ഈടാക്കിയില്ല

കേരളാ പൊതുമരാമത്ത് വകുപ്പ് മാനുവൽ 2012 സെക്ഷൻ 2009.6 പ്രകാരം കരാറുകാരന് സെലക്ഷൻ നോട്ടീസ് അയച്ച് 14 ദിവസത്തിനകം കരാറുകാരൻ തദ്ദേശ സ്ഥാപനവുമായി കരാർ ചമയ്ക്കേണ്ടതാണ്. 14 ദിവസത്തിന് ശേഷം 10 ദിവസത്തിനകം കരാർ ചമച്ചാൽ PAC-യുടെ 1% പിഴ ഈടാക്കണം. ഇടവ ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ ചുവടെ പറയുന്ന പ്രവൃത്തികളിൽ കരാർ ചമയ്ക്കാൻ കാലതാമസം വരുത്തിയ കരാറുകാരിൽ നിന്നും പിഴ ഈടാക്കിയതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല.

| | |
|---|---|
| പ്രോജക്ട് നം, പ്രോജക്ടിന്റെ പേര്. | SO169/25 – അപ്പോളോ ജംഗ്ഷൻ പനമൂട്ടം റോഡ് മെയിന്റനൻസ് |
| കരാറുകാരൻ | ശ്രീ. രാജേന്ദ്രപ്രസാദ് ബി. |
| അടങ്കൽ തുക | രൂ.17,40,000/- |

| | |
|---|---|
| പി.എ.സി. | രൂ.12,52,279 |
| ഫയൽ നമ്പർ | 3751/2023 |
| സെലക്ഷൻ നോട്ടീസ് തീയതി | 18.08.2023 |
| കരാർ നംപർ, തീയതി | 1/AE/LID&EW/EDA/23/Dated 25.09.2023 |
| ഈടാക്കേണ്ടിയിരുന്ന പിഴ | രൂ.12,522/- |

2)

| | |
|---|---|
| പ്രോജക്ട് നം., പ്രോജക്ടിന്റെ പേര് | 173/25 - വെറ്റക്കട ജി. എം. യു. പി. സ്കൂൾ ടോയ്‌ലറ്റ് കോംപ്ലക്സ് നിർമ്മാണം |
| കരാറുകാരൻ | ശ്രീ. എസ്. സുന്ദരേശൻ |
| അടങ്കൽ തുക | രൂ.16,37,100/- |
| പി.എ.സി. | രൂ.1250671/- |
| ഫയൽ നമ്പർ | 4527/2023 |
| സെലക്ഷൻ നോട്ടീസ് തീയതി | 18.08.2023 |
| കരാർ നം./തീയതി | 16.01.2024 |
| ഈടാക്കേണ്ടിയിരുന്ന പിഴ | രൂ.12,507/- |

3)

| | |
|---|---|
| പ്രോജക്ട് നം., പ്രോജക്ടിന്റെ പേര് | 29/25 - നിരാല മാങ്ങാട്ട് ചരുവിള റോഡ് റീടാറിംഗ് |
| കരാറുകാരൻ | ശ്രീ. ശ്രീകുമാർ എസ്. |
| അടങ്കൽ തുക | രൂ.11,56,400/- |
| ഫയൽ നമ്പർ | 63852/2024 |
| പി.എ.സി. | രൂ.9,69,021/- |
| സെലക്ഷൻ നോട്ടീസ് തീയതി | 15.01.2025 |
| കരാർ നം./തീയതി | 19/AE/LID&EW/EDA/25 Dated 06.02.2025 |
| ഈടാക്കേണ്ടിയിരുന്ന പിഴ | രൂ.9,690/- |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 36/23.06.2025, 46/26.06.2025 എന്നിവയ്ക്ക് ലഭ്യമാക്കിയ മറുപടിയിൽ ക്രമ നമ്പർ (1)ൽ പ്രവൃത്തിയുടെ ഫൈനൽ ബില്ലിൽ നിന്ന് ഫൈൻ തുക 12,522/-രൂപ ഈടാക്കുന്നതാണ് എന്ന് അറിയിച്ചു.

ക്രമ നമ്പർ (2)ൽ പ്രവൃത്തിയുടെ കരാറുകാരൻ സുഖമില്ലാതെ ആശുപത്രിയിലായതിനാലാണ് കരാർ വയ്ക്കാൻ വൈകിയത് എന്ന് അറിയിച്ചു. എന്നാൽ ലഭ്യമാക്കിയ Travancore Medical College Hospital ട്രീറ്റ്മെന്റ് സർട്ടിഫിക്കറ്റിൽ Date Of Admission 01.12.2021 ആണ്. കൂടാതെ, 31.01.2024 തീയതിയിൽ ടിയാൻ അസി. എഞ്ചിനീയർക്ക് നൽകിയ അപേക്ഷയിന്മേൽ പഞ്ചായത്ത് ഭരണ സമിതി പിഴ ഒഴിവാക്കി തീരുമാനമെടുത്തതായും കാണുന്നില്ല. ആയതിനാൽ പ്രസ്തുത മറുപടി അംഗീകരിക്കാൻ കഴിയുകയില്ല. 12,507/- രൂപ അടവാക്കി അറിയിക്കേണ്ടതാണ്

ക്രമ നമ്പർ (3)ൽ പ്രവൃത്തിയുടെ ഫൈനൽ ബില്ലിൽ നിന്നോ Retention തുകയിൽ നിന്നോ ഫൈനൽ തുകയായ 9,690/- രൂപ ഈടാക്കുന്നതാണ് എന്ന് അറിയിച്ചു.

മേൽ പ്രവൃത്തികളിലെ കരാർ ചമയ്ക്കാൻ കാലതാമസം വരുത്തിയതിനുള്ള ആകെ ഫൈൻ തുകയായ 34,719/- രൂപ ഒടുക്ക് വരുത്തി അറിയിക്കേണ്ടതാണ്.

## 1-34 ഇൻഷുറൻസ് പോളിസി സമർപ്പിക്കാത്ത കരാറുകാരിൽ നിന്ന് പിഴ – 6,433/- രൂപ ഈടാക്കിയില്ല

പൊതുമരാമത്ത് പ്രവൃത്തികളിൽ ഓരോ പ്രവൃത്തിക്കും കോൺട്രാക്ട് തുകയുടെ 0.5%, മിനിമം 2,00,000/- രൂപ, മാക്സിമം 5,00,000/- രൂപ ഇൻഷുറൻസ് കവറേജ് ആയി പ്രവൃത്തി തുടങ്ങി 15 ദിവസത്തിനകം കരാറുകാരൻ ഇൻഷുറൻസ് പോളിസി സമർപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം കരാർ തുകയുടെ 0.2% ഫൈൻ ഇനത്തിൽ ബില്ലിൽ നിന്നും കുറവ് ചെയ്യേണ്ടതാണ്.

താഴെ പറയുന്ന പ്രവൃത്തികളിൽ ഇൻഷുറൻസ് പോളിസി പരിശോധനയ്ക്ക് ലഭ്യമാക്കുകയോ 0.2% ഫൈൻതുക ഈടാക്കുകയോ ചെയ്തിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് | കരാർ തുക | കരാറുകാരന്റെ പേര് | ഈടാ ക്കേണ്ട |
|---|---|---|---|---|

| | | (രൂ.) | | പിഴ (രൂ.) |
|---|---|---|---|---|
| 1 | അപ്പോളോ ജംഗ്ഷൻ പനമുട്ടം റോഡ് മെയിന്റനൻസ് (169/25) | 1252279 | ശ്രീ.രാജേന്ദ്രപ്രസാദ് ബി. | 2505 |
| 2 | അമൃതാന്ദമയി പൊയ്കയിൽ റോഡ് പുനരുദ്ധാരണം (171/25) | 171742 | ശ്രീ. പ്രദീപ് എൻ | 343 |
| 3 | വെറ്റക്കട ജി. എം. എൽ. പി. സ്കൂൾ ടോയ്‌ലറ്റ് നിർമ്മാണം (173/25) | 1250671 | ശ്രീ. എസ്. സുന്ദരേശൻ | 2501 |
| 4 | വല്ലഭൻ നിന്ന വിള റോഡ് കോൺക്രീറ്റിംഗ് (213/25) | 541786 | ശ്രീ. ജോസ് എം. | 1084 |
| ആകെ തുക | | | | 6,433 |

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം. 50/26.06.2025) ലഭ്യമാക്കിയ മറുപടിയിൽ മേൽ പ്രോജക്ടുകളുടെ ഇൻഷുറൻസ് രേഖകൾ സമർപ്പിക്കുന്നതായി അറിയിച്ചുവെങ്കിലും ആയത് ലഭ്യമാക്കിയില്ല. ഇൻഷ്വറൻസ് രേഖകൾ ഹാജരാക്കാത്ത പക്ഷം പിഴ തുക 6,433/- രൂപ ഒടുക്ക് വരുത്തേണ്ടതാണ്.

## 1-35 ജനറൽ കമ്മിറ്റി മിനിട്സ് - യോഗ നടപടിക്രമങ്ങൾ യഥാസമയം പൂർത്തീകരിക്കുന്നില്ല

കേരള പഞ്ചായത്ത് രാജ് (1995ലെ യോഗ നടപടിക്രമം ചട്ടങ്ങളിലെ ചട്ടം 26 ഉപചട്ടം 6 പ്രകാരം പഞ്ചായത്തിൽ പാസാക്കിയ തീരുമാനങ്ങളുടെയും പ്രമേയങ്ങളുടെയും പകർപ്പ് യോഗം കഴിഞ്ഞ് 48 മണിക്കൂറിനുള്ളിൽ പഞ്ചായത്തിലെ എല്ലാ അംഗങ്ങൾക്കും സെക്രട്ടറി നൽകേണ്ടതും ഉപചട്ടം 8 പ്രകാരം യോഗ നടപടിക്കുറിപ്പുകളുടെ നക്കൽ സെക്രട്ടറി തയ്യാറാക്കി യോഗം കഴിഞ്ഞ് മൂന്ന് ദിവസത്തിനുള്ളിൽ അധ്യക്ഷന്റെ അംഗീകാരത്തിന് സമർപ്പിക്കേണ്ടതും ഉപചട്ടം 9 പ്രകാരം നക്കൽ അധ്യക്ഷന് ലഭിച്ച് 24 മണിക്കൂറിനുള്ളിൽ ആയത് പരിശോധിച്ച് വസ്തുതപരമായി ആവശ്യമുള്ള തിരുത്തലുകൾ വരുത്തി സെക്രട്ടറിക്ക് തിരിച്ചുനൽകേണ്ടതും ഉപചട്ടം 10 പ്രകാരം അധ്യക്ഷൻ അംഗീകരിച്ച യോഗ നടപടിക്കുറിപ്പ് സെക്രട്ടറിക്ക് ലഭിച്ചാൽ ഉടൻ തന്നെ അത് മിനിട്സ് ബുക്കിൽ രേഖപ്പെടുത്തി അധ്യക്ഷന്റെ ഒപ്പ് വാങ്ങേണ്ടതും അതിന്റെ പകർപ്പ് ഓഫീസ് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്.

ഇടവ ഗ്രാമ പഞ്ചായത്തിലെ 2025ലെ ജനറൽ കമ്മിറ്റി മിനിട്സ് പരിശോധിച്ചതിൽ ചുവടെ പറയുന്ന തീയതികളിലെ മിനിട്സുകൾ 20.06.2025 വരെ പൂർത്തിയാക്കിയിട്ടില്ല.

| ക്രമ നം. | യോഗ നമ്പർ | യോഗ തീയതി | യോഗ വിഭാഗം | യോഗ സ്വഭാവം |
|---|---|---|---|---|
| 1 | 12 | 14/05/2025 | ഭരണസമിതിയോഗം | അടിയന്തിര യോഗം/പ്രത്യേക യോഗം |
| 2 | 13 | 30/05/2025 | ഭരണസമിതിയോഗം | സാധാരണയോഗം |
| 3 | 14 | 11/06/2025 | ഭരണസമിതിയോഗം | അടിയന്തിര യോഗം/പ്രത്യേക യോഗം |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം.8/20.06.2025) ലഭ്യമാക്കിയ മറുപടിയിൽ സെക്രട്ടറി ശസ്ത്രക്രിയയ്ക്ക് വിധേയനായി അവധിയിലാണെന്നും അസിസ്റ്റന്റ് സെക്രട്ടറിക്ക് രണ്ട് നിർവ്വഹണോദ്യോഗസ്ഥരുടെ ചുമതലയും ഹരിത കർമ്മസേന, കുടുംബശ്രീ, തൊഴിലുറപ്പ് പദ്ധതി എന്നിവയുടെ ചുമതലയും കൂടി നിർവ്വഹിക്കേണ്ടതും സെക്രട്ടറി പങ്കെടുക്കേണ്ട മീറ്റിംഗുകളിൽ പങ്കെടുക്കേണ്ടതുണ്ടെന്നും ഹെഡ്ക്ലർക്ക് അസുഖ സംബന്ധമായി ലീവിലായതിനാൽ കൂടുതൽ ചുമതല വഹിക്കേണ്ടി വന്നതിനാലും ടെക്നിക്കൽ അസിസ്റ്റന്റ് മെറ്റേർണിറ്റി ലീവിൽ പ്രവേശിച്ചതിനാലും മിനിട്സ് പൂർത്തീകരിക്കുന്നതിന് കാലതാമസം നേരിട്ടുവെന്നും ജൂൺ 30-നകം മിനിട്സ് പൂർത്തീകരിക്കുന്നതാണ് എന്നും അറിയിച്ചു.

അടിയന്തിരമായി മിനിട്സ് പൂർത്തീകരിക്കേണ്ടതും ഭാവിയിൽ സമയബന്ധിതമായി മിനിട്സ് പൂർത്തികരിക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-36 ജനറൽ കമ്മിറ്റി തീരുമാനങ്ങൾ - അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്

ഇടവ ഗ്രാമ പഞ്ചായത്തിലെ 2024-25 ലെ വിവിധ ജനറൽ കമ്മിറ്റി തീരുമാനങ്ങളും ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം. 9/20.06.2025) ലഭ്യമാക്കിയ മറുപടി വിവരങ്ങളും ചുവടെ ചേർക്കുന്നു.

| ക്രമ നം. | തീയതി, തീരുമാനം നമ്പർ | കമ്മിറ്റി തീരുമാനം | ഗ്രാമ പഞ്ചായത്ത് ലഭ്യമാക്കിയ മറുപടി |
|---|---|---|---|
| 1 | 23.05.2024 – 2(1) | 2023-24 വാർഷിക പദ്ധതിയിൽ എൽ.ഐ.ഡി & ഇ.ഡബ്ല്യൂ. അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായ പ്രോജക്ട് നമ്പർ : 39 (കളരി ക്ഷേത്രം മന്നവനഴികം റോഡ് പുനരുദ്ധാരണം) എന്ന പ്രവൃത്തിയ്ക്കായി ടെണ്ടർ ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞ തുക മുന്നോട്ട് വച്ച ശ്രീ. ബിജിൽറാം, പേരാംതൊടിയിൽ, കൂനയിൽ, പരവൂർ എന്നയാൾ നിശ്ചിത തീയതിക്കുള്ളിൽ ഗ്രാമ പഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ട് പ്രവൃത്തി ചെയ്യുന്നതിന് തയ്യാറായിട്ടില്ലായെന്നും, ടിയാനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തണമെന്നുള്ള അസിസ്റ്റന്റ് എൻജിനീയറുടെ കത്ത് കമ്മിറ്റി വിശദമായി പരിശോധിച്ചു. ടിയാൻ ഗ്രാമ പഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ട് പ്രവൃത്തി തുടങ്ങാത്തതിനാൽ, പദ്ധതി നിർവ്വഹണം നടപ്പി ലാക്കാൻ കഴിയാത്ത അവസ്ഥയാണെന്നും, ടിയാന്റെ മേൽപ്രവൃത്തി നിയമലംഘനവും തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയോടുള്ള അവഹേളനവുമാണെന്ന് കമ്മിറ്റി വിലയിരുത്തി. പ്രസ്തുത സാഹചര്യത്തിൽ നിരതദ്രവ്യം കണ്ടുകെട്ടി, ടിയാനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്ന തിന് അംഗീകരിച്ച് തീരുമാനിച്ചു. | ശ്രീ.ബിജിൽറാമിനെ കരിമ്പട്ടികയിൽപ്പെടുത്തുന്നതിനും ടിയാന്റെ സെക്യൂരിറ്റി ഡിപ്പോസിറ്റ് കണ്ട് കെട്ടുന്നതിനായി ട്രഷറി അക്കൌണ്ട് വഴി പഞ്ചായത്തിന്റെ തനത് ഫണ്ടിലേയ്ക്ക് നൽകുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നു വരുന്നു. |
| 2. | 22.06.2024-1(1) | ഇടവ കുടുംബാരോഗ്യ കേന്ദ്രത്തിന്റെ പ്രവർത്തന സമയം നിശ്ചയിക്കുന്നത് സംബന്ധിച്ച നടപടികൾ കമ്മിറ്റി വിശദമായി പരിശോധിച്ചു. എല്ലാ ദിവസവും പകൽ 9 മണി മുതൽ വൈകുന്നേരം 6 മണി വരെ കുടുംബാരോഗ്യ കേന്ദ്രം പ്രവർത്തിക്കണമെന്നുള്ള തീരുമാനം നടപ്പിലാക്കുന്നതിന് മെഡിക്കൽ ഓഫീസർക്ക് നിർദ്ദേശം നൽകി അംഗീകരിച്ച് തീരുമാനിച്ചു. | കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ അംഗീകാരത്തിനായി കത്ത് നൽകി യിട്ടുണ്ട്. അംഗീകാരം ലഭ്യമായിട്ടില്ല. |
| 3 | 22.06.2024 -4(1) | ഇടവ കുടുംബാരോഗ്യ കേന്ദ്രത്തിലെ ആംബുലൻസ് റീടെസ്റ്റിന്റെ ഭാഗമായി, ഫിറ്റ്നസ് പുതുക്കുന്ന തിലേക്കായി അറ്റകുറ്റപണികൾ ചെയ്ത വകയിൽ 23,000/- രൂപ കിളിമാനൂരിലെ ലാൽ | എച്ച്.എം.സി. ഫണ്ടിൽ നിന്ന് ചെലവായ തുക തനത് ഫണ്ടിൽ നിന്നും റീക്കൂപ്പ് ചെയ്ത് നൽകുമെന്ന് എച്ച്.എം.സി. യോഗത്തിൽ തീരുമാന മെടുത്തു. തുടർന്നു വരുന്ന |

| | | | |
|---|---|---|---|
| | | വർക്ക്ഷോപ്പിന് നൽകാനുണ്ടെന്ന് മെഡിക്കൽ ഓഫീസർ കമ്മിറ്റിയിൽ ഹാജരായി അറിയിച്ചത്, കമ്മിറ്റി ചർച്ച ചെയ്തു. ഗ്രാമ പഞ്ചായത്തിലെ പൊതുജനങ്ങളുമായി ബന്ധപ്പെട്ട ആരോഗ്യ പ്രവർത്തനങ്ങൾക്ക് ആംബുലൻസ് അത്യാവശ്യ ഘടകമാണെന്നും, നിർദ്ധനരായ രോഗികൾക്ക് ആംബുലൻസ് സേവനം സൗജന്യമാക്കേണ്ടതു ണ്ടെന്നും, ആംബുലൻസിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് കരട് ബൈലാ തയ്യാറാക്കേണ്ടതുണ്ടെന്നും കമ്മിറ്റി വിലയിരുത്തി. ആകയാൽ, റീടെസ്റ്റിന് സജ്ജമാകേണ്ടുന്നതിന് നടത്തിയ ആംബുലൻസിന്റെ അറ്റകുറ്റപണികൾക്ക് ചെലവായ തുക അംഗീകൃത ബൈലാ പ്രകാരം അനുവദിക്കുന്നതിന് സെക്രട്ടറി യെയും, ആംബുലൻസ് പ്രവർത്തന നടത്തിപ്പുമായി ബന്ധപ്പെട്ട് കരട് ബൈലാ തയ്യാറാക്കി സമർപ്പിക്കു ന്നതിന് മെഡിക്കൽ ഓഫീസറെയും ചുമതലപ്പെടുത്തി അംഗീകരിച്ച് തീരുമാനിച്ചു. | പഞ്ചായത്ത് കമ്മിറ്റിയിൽ ടി വിഷയത്തിൽ ചർച്ച ചെയ്ത് തുടർനടപടി സ്വീകരിക്കുന്ന താണ്. |
| 4 | 27.08.2024-10(1) | ലൈഫ് പദ്ധതി പ്രകാരമുള്ള ഭവന നിർമ്മാണത്തിന് തുക അനുവദിച്ചു നൽകിയിട്ടും, പണി പൂർത്തി യാക്കാത്ത 1) ശ്രീ. ശാന്തി, മങ്ങാട്ടുചരുവിള, വെൺകുളം, ഇടവ, 2) ശ്രീ. ലത്തീഫ, വാഴവിള വീട്, കാപ്പിൽ, ഇടവ എന്നീയാളുകളുടെ വിവരങ്ങൾ കമ്മിറ്റി വിശദമായി പരിശോധിച്ചു. ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിന് തുക അനുവദിച്ച് നൽകിയിട്ടും പ്രവൃത്തി പൂർത്തീകരിക്കാത്ത ടിയാളുകൾക്ക് അടിയന്തിരമായി ഭവന നിർമ്മാണം പൂർത്തിയാക്കി ഗ്രാമ പഞ്ചായത്ത് ഓഫീസിൽ റിപ്പോർട്ട് ചെയ്യുന്നതിനും, അല്ലാത്തപക്ഷം കൈപ്പറ്റിയ തുക പലിശ സഹിതം തിരിച്ച് അടവാക്കേണ്ടതാണെന്നുമുള്ള കത്ത് നൽകു ന്നതിന് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറെ ചുമതലപ്പെടുത്തി അംഗീകരിച്ച് തീരുമാനിച്ചു. | നിരവധി തവണ കത്ത് നൽടിയിട്ടും ടി ഗുണഭോക്താക്കൾ പണി പൂർത്തീ കരി ക്കുകയോ കൈപ്പറ്റിയ തുക തിരിച്ച ടയ്ക്കുന്നതിനോ തയ്യാറായിട്ടില്ല. അടുത്ത ഘട്ട നടപടിയ്ക്കായി കമ്മിറ്റിയെ ഉടനെ അറിയിക്കുന്നതാണ്. |
| 5 | 27.08.2024-13(1) | ലൈഫ് പദ്ധതി പ്രകാരമുള്ള ഭവന നിർമ്മാണത്തിന് തുക അനുവദിച്ചു നൽകിയിട്ടും, പണി പൂർത്തിയാ ക്കാത്ത 1) ശ്രീ. ഷൈനി, ഷൈനി നിവാസ്, വെൺകുളം, ഇടവ എന്നയാളുടെ വിവരങ്ങൾ കമ്മിറ്റി വിശദമായി പരിശോധിച്ചു. ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിന് തുക | നിരവധി തവണ കത്ത് നൽടിയിട്ടും ടി ഗുണഭോക്താക്കൾ പണി പൂർത്തീ കരി ക്കുകയോ കൈപ്പറ്റിയ തുക തിരിച്ചട യ്ക്കുന്നതിനോ തയ്യാറായിട്ടില്ല. അടുത്ത ഘട്ട നടപടിയ്ക്കായി കമ്മിറ്റിയെ ഉടനെ അറിയിക്കുന്നതാണ്. |

| | | | |
|---|---|---|---|
| | | അനുവദിച്ച് നൽകിയിട്ടും പ്രവൃത്തി പൂർത്തീകരിക്കാത്ത ടിയാൾക്ക് അടിയന്തിരമായി ഭവനനിർമ്മാണം പൂർത്തിയാക്കി ഗ്രാമ പഞ്ചായത്ത് ഓഫീസിൽ റിപ്പോർട്ട് ചെയ്യുന്നതിനും, അല്ലാത്തപക്ഷം കൈപ്പറ്റിയ തുക പലിശ സഹിതം തിരിച്ച് അടവാക്കേണ്ടതാണെന്നുമുള്ള കത്ത് നൽകു ന്നതിന് വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസറെ ചുമതലപ്പെടുത്തി അംഗീകരിച്ച് തീരുമാനിച്ചു. | |
| 6 | 09.10.2024 -5(1) | ഇടവ ഗ്രാമപഞ്ചായത്തിലെ മേക്കുളം വയൽഭാഗത്തെ വെള്ളപ്പൊക്കം ഒഴിവാക്കുന്ന പ്രോജക്ട് നടപ്പിലാക്കുന്നതിനായി വെള്ളക്കെട്ട് ഒഴിവാക്കുന്നതിനായി സ്ലാബിട്ടു മൂടിയുള്ള ഓട പൂർണ്ണമായും പൊളിച്ചു നിർമ്മിക്കുന്നതിന് സ്വകാര്യവ്യക്തികളുടെ സമ്മത പത്രം ആവശ്യമാണെന്നും ആയത് ഇടവ ഗ്രാമ പഞ്ചായത്ത് മുഖേന ലഭ്യമാക്കണമെന്നും കാണിച്ച് ചെറുകിട ജലസേചനവിഭാഗം അസ്സിസ്റ്റന്റ് എഞ്ചിനീയർ നൽകിയ കത്ത് ഭരണ സമിതി ചർച്ച ചെയ്തു, ആയത് പ്രകാരം പഞ്ചായത്ത് നേരിട്ട് സ്ഥലം സന്ദർശിച്ച് സ്ഥല ഉടമകളുടെ സമ്മതപത്രം വാങ്ങുന്നതിന് പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, വികസന സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ, ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ, 8,9,10 വാർഡുകളിലെ മെമ്പർമാർ എന്നിവർ ഉൾപ്പെട്ട സമിതി രൂപീകരിക്കുകയും, ടി സമിതി ഭൂമി വിട്ടു നൽകുന്നത് സംബന്ധിച്ച് റിപ്പോർട്ട് നൽകുന്ന മുറയ്ക്ക് ഭരണസമിതിയിൽ ചർച്ച ചെയ്ത് തീരുമാനിക്കുന്ന തിനും അംഗീകരിച്ചു തീരുമാനിച്ചു | പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, വികസന സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ, ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ, 8,9,10 വാർഡുകളിലെ മെമ്പർമാർ എന്നിവർ ഉൾപ്പെട്ട സമിതി ഭൂമി വിട്ടുനൽകുന്നത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| 7 | 24.10.2024 -2(1) | ഇടവ ഗ്രാമപഞ്ചായത്ത് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി – പ്രവൃത്തി സൈറ്റിൽ അപകടം സംഭവിച്ച് മരണപ്പെട്ട തൊഴിലാളിയായ ചന്ദ്രൻ, മനവിളവീട്, ഇടവ എന്ന വ്യക്തിയുടെ ആശ്രിതർക്ക് എക്സ്ഗ്രേഷ്യ അനുവദിക്കുന്നത് സംബന്ധിച്ച് യോഗം ചർച്ച ചെയ്തു. ആയതുപ്രകാരം ധന സഹായം അനുവദിക്കുന്നതിന് അവകാശ സർട്ടി ഫിക്കറ്റും മറ്റ് അനുബന്ധരേഖകളും ഹാജരാക്കുന്ന തിന് അവകാശികൾക്ക് അറിയിപ്പ് നൽകുന്നതിന് മഹാത്മാഗാന്ധി തൊഴിലുറപ്പ് വിഭാഗം എ. ഇ.-യ്ക്ക് നിർദ്ദേശം നൽകുന്നതിന് അംഗീകരിച്ചു തീരുമാനിച്ചു. | നാളിതുവരെ മരണപ്പെട്ടയാളുടെ അവ കാശ സർട്ടിഫിക്കറ്റ് ലഭ്യമായിട്ടില്ല. അവകാശ സർട്ടിഫിക്കറ്റ് ലഭ്യമാകുന്ന മുറയ്ക്ക് വർദ്ധിപ്പിച്ച എക്സ്ഗ്രേഷ്യ തുക അനുവദിക്കുന്നതാണെന്ന് അറിയിച്ചു. |

| | | | |
|---|---|---|---|
| 8 | 07.01.2025 –3(1) | ഇടവ ഗ്രാമപഞ്ചായത്തിൽ മൃഗാശുപത്രിയ്ക്ക് സ്ഥലം വാങ്ങുന്നതിനായി കണ്ടെത്തിയ സ്ഥലത്തെ സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകളിൽ നിന്ന് സർട്ടിക്കറ്റ് ലഭ്യമാകുന്ന മുറയ്ക്ക് സ്ഥലം വാങ്ങുന്നതിന് അംഗീകരിച്ചു തീരുമാനിച്ചു. | അനുമതിയ്ക്കായി ബഹു. ജോയിന്റ് ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്. |
| 9 | 11.02.2025 - 7(1) | ഇടവ ഗ്രാമപഞ്ചായത്തിൽ ആസ്തിയിൽ ഉൾപ്പെടു ത്താൻ വിട്ടുപോയിട്ടുള്ള റോഡുകൾ അടിയന്തിരമായി ആസ്തിയിൽ ഉൾപ്പെടുത്തുന്നതിന് അസ്സിസ്റ്റന്റ് എഞ്ചിനീയർക്ക് നിർദ്ധേശം നൽകുന്നതിന് തീരുമാനിച്ചു. | തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| 10 | 15.02.2025 –1(4) | ഇടവ ഗ്രാമപഞ്ചായത്തിൽ 2024-25 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അസ്സിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തുന്ന പദ്ധതിയായ എം. സി. എഫ്. നിർമ്മാണം, 46-ാം നമ്പർ അംഗണവാടി നിർമ്മാണം എന്നിവ നടപ്പിലാക്കുന്നതിനായി വസ്തുവിന്റെ അതിർത്തി നിർണ്ണയിച്ചു നൽകുന്നതിന് വില്ലേജ് ഓഫീസർക്ക് കത്ത് നൽകുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു. | വില്ലേജ് ഓഫീസർക്ക് കത്ത് നല്കി യിട്ടുണ്ട് |
| 11 | 27.02.2025 – 6(1) | ഇടവ ഗ്രാമപഞ്ചായത്തിൽ 2020-21 സാമ്പത്തിക വർഷത്തിൽ ശ്രീമതി. ചന്ദ്രിക, ശാസ്താംവിള, വെൺകുളം, ഇടവ എന്ന വ്യക്തിയുമായി ലൈഫ് ഭവന പദ്ധതി പ്രകാരം കരാറിൽ ഏർപ്പെടുകയും, 11.01.2021 തീയതിയിൽ ആദ്യ ഗഡുവും, 20.06.2023 തീയതി യിൽ അവസാന ഗഡു അനുവദിക്കുകയും ചെയ്തിരുന്നു. ഇടവ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 27.08.2024 തീയതിയിലെ 11/1 തീരുമാനത്തിൽ പരാമർശിച്ചി രിക്കുന്ന തദ്ദേശ സ്വയംഭരണ (ഡി. ഇ.) വകുപ്പിന്റെ 01.07.2024 തീയതിയിലെ സ.ഉ. (സാധാ) നം. 1185/ 2024/LSGD നമ്പർ ഉത്തരവ് വന്നത് ടി വ്യക്തി യുമായി കരാറിൽ ഏർപ്പെട്ട് അവസാന ഗഡുവും അനുവദിച്ചതിന് ശേഷമാണ് എന്നും 2020-21 സാമ്പത്തിക വർഷത്തിൽ ടി വ്യക്തിയുമായി ലൈഫ് ഭവന പദ്ധതി പ്രകാരം കരാറിൽ ഏർപ്പെട്ടിട്ടുള്ളതാ ണെന്നും. ടി-യാൻ നേരിട്ട് ഓഫീസിൽ ഹാജരാകണ മെന്ന് കാണിച്ച് നിരവധി തവണ കത്ത് മുഖേനെ അറിയിപ്പ് നൽകിയിട്ടും നാളിതുവരെ ഓഫീസിൽ ഹാജരായിട്ടില്ല എന്നതും വി. ഇ. ഒ. ഭരണ സമിതി മുമ്പാകെ അറിയിച്ചു ആയത് പ്രകാരം റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ച് പൈസ തിരിച്ച് | 26.04.2025ലെ 3(1) തീരുമാനപ്രകാരം റവന്യൂ റിക്കവറി നടപടികൾ സ്വീകരി ക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടു ത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | അടവാക്കുന്നതിന് വി.ഇ.ഒ.-യെ ചുമതലപ്പെടുത്തി തീരുമാനിച്ചു. | |

മേൽ തീരുമാനങ്ങൾ നടപ്പിലാക്കാൻ ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച തുടർ നടപടി വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-37 ദുരിതാശ്വാസ നിധി - നിഷ്ക്രിയമായി തുടരുന്നു

2003ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിത നിവാണാർത്ഥം അടിയന്തിര ധനസഹായം നൽകുന്നതിനായി ഓരോ ഗ്രാമപഞ്ചായത്തിനും ഒരു പ്രമേയം മൂലം, ഗ്രാമ പഞ്ചായത്തിന്റെ മറ്റ് ഫണ്ടുകളിൽ നിന്നും വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതും അത് ഗ്രാമപഞ്ചായത്തിന്റെ ദുരിതാശ്വാസ നിധി എന്നറിയപ്പെടുന്നതുമാണ്.

ഇടവ ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 12/21.06.2025) ലഭ്യമാക്കിയ മറുപടിയിൽ ദുരിതാശ്വാസ നിധിക്കായി ഇന്ത്യൻ ഓവർസീസ് ബാങ്കിന്റെ ഇടവ ശാഖയിൽ അക്കൌണ്ട് നമ്പർ 055001000022375 പ്രകാരം ആരംഭിച്ചിട്ടുണ്ട് എന്നും ബാങ്ക് പലിശയിനത്തിൽ മാത്രമാണ് വരവുള്ളതെന്നും മറ്റ് വരവ് ചെലവുകളൊന്നും തന്നെയില്ലെന്നും അറിയിച്ചു.

ബാങ്ക് പാസ്സ് ബുക്ക് പരിശോധിച്ചതിൽ പ്രസ്തുത അക്കൗണ്ട് പ്രകാരം 31.03.2025ൽ 15,857/- രൂപയുടെ ബാലൻസ് കാണുന്നു.

കലാ-കായിക വിനോദ പരിപാടികൾ സംഘടിപ്പിച്ചും, വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവരിൽ നിന്നും സംഭാവനകൾ സ്വീകരിച്ചും ഗ്രാമ പഞ്ചായത്തിന്റെ ദുരിതാശ്വാസ നിധിയിലേക്ക് ധനം സ്വരൂപിക്കാവുന്നതും ദുരിതമനുഭവിക്കുന്ന അർഹതപ്പെട്ട വ്യക്തികൾക്ക് മേൽ ചട്ടപ്രകാരം അടിയന്തിര ധനസഹായം അനുവദിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കാവുന്നതുമാണ്.

## 1-38 ഹെൽത്ത് ഗ്രാന്റ് അവലോകനം

G.O.(Rt) No. 2132/2022/LSGD ഉത്തരവ് പ്രകാരം 5 സ്കീമുകൾ പ്രതിപാദിച്ചിട്ടുള്ളതിൽ രണ്ട് സ്കീമുകളാണ് ഗ്രാമ പഞ്ചായത്തു തലത്തിൽ ബാധകമായത് ഗ്രാമപഞ്ചായത്തിൽ ഓരോ ഗ്രാന്റിനും പ്രത്യേകം ബാങ്ക് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. ഇതിൽ രണ്ട് സ്കീമുകൾക്കായാണ് ഗ്രാമപഞ്ചായത്തിൽ തുക ലഭിച്ചത്. പഞ്ചായത്തിൽ ലഭ്യമായ ഹെൽത്ത് ഗ്രാന്റിന്റെ വരവും ചെലവും സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.
(ഓഡിറ്റ് എൻക്വയറി നം. 3 /2025/തീയതി : 20.06.2025ന് ലഭ്യമാക്കിയ മറുപടിയും അനുബന്ധ രേഖകളും ആധാരമാക്കി തയ്യാറാക്കിയത് ).

**1) ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിച്ച തുകയുടെ വിവരങ്ങൾ (വർഷം തിരിച്ച്)**

| വർഷം | സ്കീം - 3 | സ്കീം - 4 | ആകെ (രൂ.) |
|---|---|---|---|
| 2021-22 | വിശദാംശം ലഭ്യമാക്കിയില്ല | | |
| 2022-23 | 285666 | 143981 | 429647 |
| 2023-24 | 919000 | 385000 | 1304000 |
| 2024-25 | 384000 | 613000 | 997000 |

**2) ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ചെലവഴിച്ച തുകയുടെ വിവരങ്ങൾ (വർഷം, സ്കീം, ഇനം)**

| വർഷം | സ്കീം - 3 | സ്കീം - 4 | ആകെ (രൂ.) |
|---|---|---|---|
| 2021-22 | വിശദാംശം ലഭ്യമാക്കിയില്ല | | |
| 2022-23 | 244412 | 118026 | 362438 |
| 2023-24 | 662822 | 329401 | 992223 |
| 2024-25 | 292099 | 79952 | 372051 |

**3) ബാലൻസ് ഷീറ്റ് പ്രകാരം 2024-25 വർഷത്തിൽ ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ നീക്കിയിരിപ്പുള്ള തുകയുടെ വിവരങ്ങൾ (പലിശ ഉൾപ്പെടെ)**

സ്കീം - 3 – 3,84,000/- രൂപ
സ്കീം - 4 – 6,13,000/- രൂപ

**4) നാളിതുവരെ നടപ്പിലാക്കിയ പദ്ധതികളുടെ പേരുവിവരം**

| വർഷം | പദ്ധതിയുടെ പേര് | ചെലവ് തുക (രൂ.) |
|---|---|---|
| 2022-23 | രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 244412 |
| | കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആൻഡ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ | 118026 |
| 2023-24 | രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ (SO) | 35921 |
| | രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 626901 |
| | കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആൻഡ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ (SO) | 24353 |
| | കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആൻഡ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ | 305048 |
| 2024-25 | രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 292099 |
| | കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആൻഡ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ | 79952 |

**5) ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് ആസ്തികൾ സൃഷ്ടിച്ചിട്ടില്ല**

ഹെൽത്ത് ഗ്രാന്റിനത്തിൽ ഓരോ വർഷവും ലഭ്യമാകുന്ന ഫണ്ടുകൾക്കനുസൃതമായി പദ്ധതികൾ രൂപീകരിച്ച് ഫണ്ട് പൂർണ്ണമായും ചെലവഴിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-39 ജല ജീവൻ മിഷൻ- വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

നൂറ് ശതമാനം ഗ്രാമീണ ഭവനങ്ങൾക്കും ഗാർഹിക കുടിവെള്ള കണക്ഷൻ എന്ന ലക്ഷ്യത്തോടെ കേന്ദ്ര സംസ്ഥാന സർക്കാരുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ നടപ്പിലാക്കുന്ന പദ്ധതിയാണ് ജൽജീവൻ പദ്ധതി. വീടുകളിലേക്ക് ടാപ്പുകൾ വഴി കുടിവെള്ള കണക്ഷൻ എത്തിക്കുന്നത് കൂടാതെ ഓരോ വീടിനും ആവശ്യമായ കുടിവെള്ളം നിർദ്ദിഷ്ട ഗുണനിലവാരത്തിൽ മുടങ്ങാതെ ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്യുന്നത്. കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിലെ എല്ലാ വീടുകളിലും 2024നുള്ളിൽ പ്രവർത്തനക്ഷമമായ ടാപ്പ് കണക്ഷനുകൾ ലഭ്യമാക്കുക, വിദ്യാലയങ്ങൾ, അങ്കണവാടികൾ, ആരോഗ്യകേന്ദ്രങ്ങൾ, പൊതുകെട്ടിടങ്ങൾ, ഓഫീസുകൾ എന്നിവിടങ്ങളിൽ ടാപ്പുകൾ നൽകുക തുടങ്ങിയവയാണ് ജൽജീവൻ മിഷന്റെ പ്രധാന ലക്ഷ്യങ്ങൾ.
കേന്ദ്രസർക്കാർ മാർഗ്ഗനിർദ്ദേശമനുസരിച്ച് പദ്ധതിക്കുള്ള കേന്ദ്ര-സംസ്ഥാന വിഹിതം 50:50 എന്ന അനുപാതത്തിലാണ്.

പ്രസ്തുത പ്രോജക്ടിലേക്കായി വിവിധ പ്രോജക്ടുകൾ പ്രകാരം 11,71,104/- രൂപ പഞ്ചായത്ത് വിഹിതമായി 2021-22 വർഷം വാട്ടർ അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്. തുക വകയിരുത്തി നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം, പൂർത്തിയായവ, പൂർത്തിയാക്കാൻ ബാക്കിയുള്ളവ, ഭാഗികമായി പൂർത്തിയാക്കിയത് എന്നിവ സംബന്ധിച്ച് വ്യക്തത വരുത്തുന്നതിനായി കേരള വാട്ടർ അതോറിറ്റിക്ക് കത്ത് നൽകിയിട്ടുണ്ടെന്നും ഇതിന്റെ മറുപടി ലഭിക്കുന്ന മുറയ്ക്ക് ഓഡിറ്റിന് ഇത് സംബന്ധിച്ച വിശദീകരണം ലഭ്യമാക്കുന്നതാണെന്നും ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 02/20-06-2022) മറുപടി ലഭ്യമാക്കി.

ജല ജീവൻ മിഷൻ പദ്ധതി പ്രകാരം ഗുണഭോക്തൃ വിഹിതമിനത്തിൽ ഗ്രാമപഞ്ചായത്തിന് തുകയൊന്നും ലഭിച്ചിട്ടില്ല. ആയതിനാൽ ഗുണഭോക്തൃ വിഹിതം ഇനത്തിൽ വാട്ടർ അതോറിറ്റിക്ക് തുകയൊന്നും കൈമാറിയിട്ടില്ല.

ജലജീവൻ മിഷൻ പദ്ധതിക്കായി പൊളിച്ച റോഡുകളുടെ പുനരുദ്ധാരണത്തിനായി 17-06-2022 ൽ 1,01,49,600/- രൂപയും 19-08-2022 ൽ 14,96,731/- രൂപയും ഉൾപ്പെടെ 1,16,46,331/- രൂപ ലഭിച്ചിട്ടുണ്ട്. പ്രസ്തുത തുക വിനിയോഗിച്ച് പ്രവർത്തനം നടത്തിയതിൽ പുനരുദ്ധാരണം നടക്കാത്ത/പൂർത്തിയാകാത്ത റോഡുകളുടെ വിശദാംശം സംബന്ധിച്ച് വ്യക്തത വരുത്തിയശേഷം മറുപടി ലഭ്യമാക്കുന്നതാണെന്ന് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 02/20-06-2022) സെക്രട്ടറി മറുപടി ലഭ്യമാക്കി.

പ്രസ്തുത വിശദാംശങ്ങൾ അടിയന്തിരമായി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2
## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3
## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 മെഡിസെപ് പ്രീമിയം - ഒടുക്ക് സംബന്ധിച്ച പരിശോധന

ഗ്രാമപഞ്ചായത്തിലെ ജീവനക്കാരുടെ മെഡിസെപ് പ്രീമിയവുമായി ബന്ധപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**1) മെഡിസെപ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)**

| മാസം | ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം* | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (രൂ.) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക (രൂ.) | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക (രൂ.) | റിമാർക്സ് |
|---|---|---|---|---|---|
| Apr-24 | 14 | 7000 | 7000 | 0 | |
| May-24 | 14 | 7000 | 7000 | 0 | |
| June-24 | 15 | 7500 | 7500 | 0 | |
| July-24 | 15 | 7500 | 7500 | 0 | |
| Aug-24 | 14 | 7000 | 7000 | 0 | |
| Sept-24 | 15 | 7500 | 7500 | 0 | |
| Oct-24 | 14 | 7000 | 7000 | 0 | |
| Nov-24 | 17 | 8500 | 8500 | 0 | |
| Dec-24 | 17 | 8500 | 8500 | 0 | |
| Jan-25 | 16 | 8000 | 8000 | 0 | |
| Feb-25 | 16 | 8000 | 8000 | 0 | |
| March-25 | 16 | 8000 | 8000 | 0 | |
| | Total | 91500 | 91500 | 0 | |

*01-04-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ.

**2) മെഡിസെപ് പ്രീമിയം ഒടുക്ക് (01-04-2024 മുതൽ 30-06-2024 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)**

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | മുതൽ അല്ലങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ)** | | | |
| ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |

**3) മെഡിസെപ് പ്രീമിയം ഒടുക്ക് (01-07-2024 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)**

| ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പെടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|
| ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |

**4) മെഡിസെപ് പ്രീമിയം ഒടുക്ക് (01-08-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)**

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ)** | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക (രൂ.) | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക (രൂ.) | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | 2024 October | 1000 | 1000 | 0 | ശ്രീമതി. സൗമ്യ രാജേന്ദ്രൻ, ഓഫീസ് അറ്റൻഡന്റ് 04.10.2024-ൽ സേവന ത്തിൽ പ്രവേശിക്കുകയും, 11.11.2024ന് ടി ഓഫീസിൽ നിന്നും റിലീവ് ചെയ്തിട്ടുണ്ട്. ടിയാളുടെ 2024 ഓക്ടോബർ, നവംബർ മാസത്തിലെ തുക ഒടുക്ക് വരുത്തിയിട്ടുണ്ട് |

## 4-2 സംയുക്ത പ്രോജക്ടുകൾക്കുള്ള ഫണ്ട് വിനിയോഗം

**സുലേഖ ചെലവ് പത്രിക പ്രകാരം**

| വിഹിതം നൽകിയ സ്ഥാപനം | വർഷം | മുന്നിരിപ്പ് (രൂ.) | തൻവർഷം ചെലവഴിച്ച തുക (രൂ.) | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക (രൂ.) | നീക്കിയിരിപ്പ് (രൂ.) |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | 0 | 90100 | 21/25 – കേദാരം | 90100 | 0 |
| | | 0 | 200000 | 41/25 – പാലിയേറ്റീവ് കെയർ | 200000 | 0 |
| | | 0 | 100000 | 35/25 – അനുപൂരക പോഷകാഹാരം ജനറൽ | 100000 | 0 |
| | | 0 | 228000 | 42/25 – സ്നേഹസ്പർശം | 228000 | 0 |
| | | 262884 | 0 | മുൻവർഷത്തെ പ്രോജക്ടുകൾ | 0 | 262884 |
| ആകെ | | 262884 | 618100 | | 618100 | 262884 |
| ജില്ലാ പഞ്ചായത്ത് | 2023-24 | 0 | 70000 | 129/25 – ഹരിത ഭവനം | 70000 | 0 |
| | | 0 | 42000 | 18/25 – ഹരിത ഭവനം | 42000 | 0 |
| | | 0 | 228000 | 42/25 – സ്നേഹസ്പർശം | 228000 | 0 |
| | | 15993 | 0 | മുൻവർഷത്തെ പ്രോജക്ടുകൾ | 0 | 15993 |
| ആകെ | | 15993 | 340000 | | 340000 | 15993 |

**വാർഷിക ധനകാര്യ പത്രിക പ്രകാരം**

| | 2023-24 B-4, ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് (രൂ.) | തൻവർഷത്തെ വരവ് (രൂ.) | ആകെ (രൂ.) | സുലേഖ പത്രിക പ്രകാരം ചെലവ് (രൂ.) | നീക്കിയിരിപ്പ് (രൂ.) | 2024-25 B-4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് (രൂ.) |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 262884 | 618100 | 880984 | 618100 | 262884 | 262884 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 15993 | 340000 | 355993 | 340000 | 15993 | 15993 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

**സുലേഖ ചെലവ് പത്രിക പ്രകാരം**

| നിർവഹണ ഏജൻസി | മുൻ ബാക്കി (രൂ.) | പ്രോജക്ട് നം., പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക (രൂ.) | ആകെ തുക (രൂ.) | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് + തിരികെ ഒടുക്കിയത് | ബാക്കി തുക (രൂ.) |
|---|---|---|---|---|---|---|
| | | **2024-25** | | | | |
| കേരള വാട്ടർ അതോറിറ്റി | 2688193 | - | - | 2688193 | - | 2688193 |
| കെ.എസ്.ഇ.ബി | 275819 | 191/25 – സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ | 939883 | 1215702 | - | 1215702 |

| | | | | | | |
|---|---|---|---|---|---|---|
| ഭൂജലവകുപ്പ് | 260786 | 189/25 – കുഴൽകിണർ നിർമ്മിച്ച് വാട്ടർടാങ്ക് സ്ഥാപിക്കൽ | 366814 | 627600 | - | 627600 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

– ഇല്ല –

## 4-5 വായ്പ/വായ്പ തിരിച്ചടവ്

| വായ്പ വിവരം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (രൂ.) | തൻവർഷം ലഭിച്ച തുക (രൂ.) | ആകെ (രൂ.) | തൻവർഷം അടച്ച തുക (രൂ.) | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (രൂ.) |
|---|---|---|---|---|---|
| HUDCO | 24703614 | 1910000 | 26613614 | 3048455 | 23565159 |

## 4-6 സ്ഥിര നിക്ഷേപങ്ങളുടെ വിവരം

– ഇല്ല –

## 4-7 ഓഡിറ്റ് റിക്കവറി വിവരങ്ങൾ

– ഇല്ല –

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിവരം

– ഇല്ല –

## 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

| റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | വിഷയം | തുക (രൂ.) |
|---|---|---|---|
| 2014-15 | 3-2 | നിലവിൽ കണക്ഷനുള്ളയാൾക്ക് കുടിവെള്ള കണക്ഷന് സബ്സിഡി നൽകി (ശ്രീ. ഷാനവാസ്, VEO സർക്കിൾ - 1 ) | 5000 |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

### എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | രൂ.4,65,83,405 |
| ഓഡിറ്റ് വർഷത്തെ വരവ് | രൂ.6,52,55,083 |
| ആകെ | രൂ.11,18,38,488 |
| ഓഡിറ്റ് വർഷത്തെ ചെലവ് | രൂ.6,39,96,311 |
| നീക്കിയിരിപ്പ് | രൂ.4,78,42,177 |
| വരവിനങ്ങളിലുള്ള നഷ്ടം | **രൂ.41,152** |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | **രൂ. 4,93,030** |

### (ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക (രൂ.) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-33 | 34,719 | ശ്രീമതി സിനി ആർ.എസ്., അസിസ്റ്റന്റ് |

| | | |
|---|---|---|
| | | എഞ്ചിനീയർ |
| 1-34 | 6,433 | ശ്രീമതി സിനി ആർ.എസ്., അസിസ്റ്റന്റ് എഞ്ചിനീയർ |
| **ആകെ** | **41,152** | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക (രൂ.) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 1,00,000 | ശ്രീ. ഗിരീഷ് ലാൽ എൻ. സി., സെക്രട്ടറി, ഇടവ ഗ്രാമ പഞ്ചയത്ത് |
| 1-27 | 60,000 | ശ്രീമതി രേഖ .ആർ.എസ്, ഹെഡ്മിസ്ട്രസ്, ഓടേറ്റി എൽ. പി. എസ് |
| 1-28 | 20,000 | ശ്രീമതി രേഖ .ആർ.എസ്, ഹെഡ്മിസ്ട്രസ്, ഓടേറ്റി എൽ. പി. എസ് |
| 1-29 | 1,38,190 | ഡോ. ഷീജ രാജൻ, മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 1-30 | 1,74,840 | ശ്രീമതി ജയശ്രീ എം. എം., അസിസ്റ്റന്റ് സെക്രട്ടറി, ഇടവ ഗ്രാമ പഞ്ചായത്ത് |
| **ആകെ** | **4,93,030** | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

– ഇല്ല –

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

– ഇല്ല –

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ഗിരീഷ് ലാൽ എൻ. സി., സെക്രട്ടറി, ഇടവ ഗ്രാമ പഞ്ചയത്ത് | സെക്രട്ടറി ഇടവ ഗ്രാമ പഞ്ചയത്ത് | ഗിരിവൃന്ദം, കോൺവെന്റ് റോഡ്, പ്രാവച്ചമ്പലം, നേമം പി.ഒ. - 695020 |
| ഡോ. ഷീജ രാജൻ, മെഡിക്കൽ ഓഫീസർ (ഹോമിയോ) | മെഡിക്കൽ ഓഫീസർ ഹോമിയോ ഡിസ്പെൻസറി, ഇടവ | ലാൽ മാൻഷൻ, ശാസ്തവട്ടം പി.ഒ., പെരുങ്ങുഴി, തിരുവനന്തപുരം. |
| ശ്രീമതി ജയശ്രീ എം. എം., അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, ഇടവ ഗ്രാമ പഞ്ചായത്ത് | കുന്നിൽ വീട്, നടയ്ക്കൽ, കല്ലുവാതുക്കൽ പി.ഒ., കൊല്ലം |
| ശ്രീമതി സിനി ആർ. എസ്., അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, ഇടവ ഗ്രാമ പഞ്ചായത്ത് | നന്ദന, കൊല്ലമ്പുഴ, ആറ്റിങ്ങൽ പി.ഒ. |
| ശ്രീമതി രേഖ .ആർ.എസ്, ഹെഡ്മിസ്ട്രസ് | ഹെഡ്മിസ്ട്രസ്, ജി.എം.യു.പി.എസ്, ഇടവ | മാധവം, സംഘമുക്കിന് സമീപം, പുന്നക്കുളം, ഇടവ പി.ഒ – 695311 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2003-04 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/1583/2018, തീയതി 31.08.2018 | 1 |

| | | |
|---|---|---|
| 2005-06 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/1583/2018, തീയതി 31.08.2018 | 2 |
| 2006-07 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/1583/2018, തീയതി 31.08.2018 | 5 |
| 2012-13 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/2549/2014, തീയതി 23.12.2014 | 1 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/1279/2018, തീയതി 11.06.2018 | 1 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/1279/2018, തീയതി 11.06.2018 | 2 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/1685/2017, തീയതി 08.08.2017 | 4 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/187/2019, തീയതി 12.04.2019 | 24 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം/ജി.പി.7/362/2020, തീയതി 12.03.2021 | 46 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം/ജി.പി.7/666/2021, തീയതി 30.03.2021 | 15 |
| 2020-21 | കെ.എസ്.എ.റ്റി.വി.എം/ജി.പി.7/720/2022, തീയതി 21.06.2022 | 34 |
| 2021-22 | കെ.എസ്.എ.റ്റി.വി.എം/ജി.പി.8/1906/2022, തീയതി 23.12.2022 | 35 |
| 2022-23 | കെ.എസ്.എ.റ്റി.വി.എം/ജി.പി 8/1845/2023, തീയതി 22.12.2023 | 52 |
| 2023-24 | കെ.എസ്.എ/റ്റി.വിഎം./ജിപി.8/1400/2024, തീയതി 05.10.2024 | 58 |

**ഡെപ്യൂട്ടി ഡയറക്ടർ**
**ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**Annexure-1**
**Audit Certificate**

i. I have audited the attached Financial statements approved vide resolution number 2 dated 2/1 dated 30-05-2025 and submitted on 31-05-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Edava Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Edava Grama Panchayat as on 31-03-2025

**Date: 23/09/2025** **Deputy Director**

**Kerala State Audit Department**

## Audit Report appended to the Audit Certificate of Edava Grama Panchayat for the Year 2024-2025.

### 1.Major Observations

Nil

### 2.Other Observations

1. The following mandatory financial statements prescribed in accounting rules are not submitted for audit
eg. ratios, notes on account.

2. Statement related to B-1 Schedule (Adjusted performance for the current year) has not been submitted with the annual financial statement.

3. No monthly demand is being raised for revenue items such as property tax and profession tax.

4. The valuation of stocks and stores has not been verified and recorded at the end of the Financial year in the B-14 Schedule of

Balance Sheet under Stock in hand (inventories).

5. Non disclosure of expenses due- Outstanding expenses such as honorarium for members, fuel expenses due in the current financial year are not included in Balance sheet as provision of expenses due (B-9).

6. On verification of the ledger under Head 140400199 Other Fees in RP-4 Schedule, it was observed that certain other receipts of the institution have been erroneously accounted under this head.

7. In the Income & Expenditure Statement abstract report, the prior period income has been recorded as 89,760/- as per Schedule I-19, and the prior period expenditure as 98,736/- as per Schedule I-18. However, instead of showing the net difference of these prior period items as (8,976), the statement has incorrectly recorded it as 1,88,496/-. Due to this misstatement, the gross surplus of income over expenditure after considering prior period items has been shown as 21,68,923/- instead of the correct amount of 23,66,395/-, resulting in an understatement of 1,97,472/- in the reported surplus.

8. Loan Register is not being maintained as required.

9. As per the Bank Reconciliation Statement as on 31.03.2025 for State Bank of India A/c No. 67291398816, an amount of 11,330 is reported under the item "Cheque Deposited but Not Cleared." It has not been encashed yet.

10. On verification of Schedule B-4 (Grant Liabilities) and Schedule B-17 (Cash and Bank Balances) in the Balance Sheet, the CFC Grant held in IOB A/c No. 055001000023386 as shown in B-17 schedule, does not match with that shown in B4 schedule regarding CFC grant.

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ ഇടവ ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/ തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്